SYRO-MALABAR VISION
A NEWSLETTER PUBLISHED WITH THE APPROVAL OF THE SYRO-MALABAR SYNOD

# സീറോമലബാർ വിഷൻ

ഡിസംബർ 2023 | പുസ്തകം 02 | ലക്കം 08 സീറോമലബാർ സിനഡിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്ന വാർത്താപത്രം

## ഗോരഖ്പുർ രൂപതയുടെ മെത്രാനായി മാർ മാത്യു നെല്ലിക്കുന്നേൽ സ്ഥാനമേറ്റു

ഗോരഖ്പൂർ: സീറോമലബാർ ഗോരഖ്പൂർ രൂപതയുടെ പുതിയ മെത്രാനായി മാർ മാത്യു നെല്ലിക്കുന്നേൽ CST അഭിഷിക്തനായി സ്ഥാനമേറ്റു. ഗോരഖ്പൂർ സെന്റ് ജോസഫ്സ് ഹൈസ്കൂൾ മൈതാനത്തായിരുന്നു മെത്രാഭിഷേകവും സ്ഥാനാരോഹണ ചടങ്ങുകളും.തിരുക്കർമങ്ങൾക്ക് സീറോമലബാർസഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യകാർമികത്വം വഹിച്ചു. സ്ഥാനമൊഴിഞ്ഞ ഗോരഖ്പൂർ ബിഷപ് മാർ തോമസ് തുരുത്തിമറ്റം, ആഗ്ര ആർച്ച്ബിഷപ് മാർ റാഫി മഞ്ഞളി എന്നിവർ സഹകാർമികരായിരുന്നു. മാർ റാഫി മഞ്ഞളി വിശുദ്ധകുർബാനക്കിടെ വചനസന്ദേശം നൽകി.



മാർമാത്യു നെല്ലിക്കുന്നേലിനെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള പത്രിക സീറോമലബാർസഭ ചാൻസലർ റവ. ഡോ. ഏബ്രഹാം കാവിൽപുരയിടം ഇംഗ്ലീഷിലും ഗോരഖ്പൂർ രൂപത ചാൻസലർ ഫാ. റോജർ അഗസ്റ്റിൻ ഹിന്ദിയിലും വായിച്ചു. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് ഡോ. ലെയോപോൾദോ ജിറേല്ലി ആശംസയർപ്പിച്ചു.

തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി അധ്യക്ഷത വഹിച്ചു. സിബിസിഐ പ്രസിഡന്റ് മാർ ആൻഡ്രൂസ് താഴത്ത്, ഗോരഖ്പൂർ മേയർ ഡോ. മംഗ്ലേഷ് കുമാർ ശ്രീവത്സ, വിവിധ മത-സാംസ്കാരിക നേതാക്കൾ തുടങ്ങിയവർ പ്രസംഗിച്ചു. മാർ മാത്യു നെലിക്കുന്നേൽ മറുപടി പ്രസംഗം നടത്തി. 30 മെത്രാന്മാരും ഇരുനൂറിലധികം വൈദികരുമടക്കം നാലായിരത്തിലധികം ആളുകൾ പങ്കെടുത്ത സമ്മേളനത്തിന് മുഖ്യസംഘാടകൻ ഫാ. രാജേഷ് പുതുശേരി നന്ദി പറഞ്ഞു.

കാക്കനാട് നടന്ന സിറോമലബാർ സഭയുടെ സിനഡ് സമ്മേളനത്തിനിടെ കഴിഞ്ഞ ഓഗസ്റ്റ് 25നാണ് മോൺ. മാത്യു നെല്ലിക്കുന്നേലിനെ മെത്രാനായി പ്രഖ്യാപിച്ചത്. ബിഷപ് മാർ തോമസ് തുരുത്തിമറ്റം പ്രായപരിധിയെത്തിയതിനാൽ കാനൻ നിയമാനുസൃതം സമർപ്പിച്ച രാജിയെ തുടർന്നായിരുന്നു പുതിയ നിയമനം.

1970 നവംബർ 13ന് ഇടുക്കി രൂപതയിലെ മരിയപുരത്താണ് മാർ മാത്യു നെല്ലിക്കുന്നേലിന്റെ ജനനം. ചെറുപുഷ്പ സമർപ്പിത സമൂഹത്തിൽ ചേർന്ന അദ്ദേഹം 1998 ഡിസംബർ 30ന് പൗരോഹിത്യം സ്വീകരിച്ചു. രാജസ്ഥാനിലെ ക്രിസ്തുജ്യോതി പ്രവിശ്യയുടെ പ്രൊവിൻഷ്യൽ, ആലുവ ലിറ്റിൽ ഫ്ളവർ മേജർ സെമിനാരിയിൽ റെക്ടർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. ഇടുക്കി ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ സഹോദരനാണ്.

## ദേശീയ പരിസ്ഥിതി സെമിനാർ സംഘടിപ്പിച്ചു

ബംഗളൂരു: പൊതുഭവനമായ ഭൂമിയെ കരുതുക എന്ന ആശയം ഉയർത്തി സിബിസിഐയും സിസിബിഐയും ധർമാരാം വിദ്യാക്ഷേത്രയും ചേർന്ന് ബംഗളൂരു ധർമാരാം വിദ്യാക്ഷേത്രയിൽ ദേശീയ ഇക്കോളജിക്കൽ കോൺഫറൻസ് സംഘടിപ്പിച്ചു. കർദിനാൾമാരായ മാർ ജോർജ് ആലഞ്ചേരി, ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ്, ഡോ. ആന്റണി പൂല, ബംഗളൂരു ആർച്ച്ബിഷപ്പ് ഡോ. പീറ്റർ മച്ചാഡോ, ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ, ബിഷപ്പ് ഐവാൻ പെരേര, മുംബൈ സഹായമെത്രാൻ ഡോ. ആൽവിൻ ഡിസിൽവ, റവ. ഡോ. ജോയ് ഫിലിപ്പ് കാക്കനാട്, പ്രശസ്ത പരിസ്ഥിതി പ്രവർത്തക വന്ദന ശിവ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു.




വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി രണ്ട് ഡസനോളം പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അന്തർദേശീയ സെമിനാറിനോടു ചേർന്ന് ഇന്ത്യയിലെ ആദ്യത്തെ നെറ്റ് സീറോ ഇടവകയായി പാലക്കാട് രൂപതയിലെ പൊൻകണ്ടം സെന്റ് ജോസഫ് ഇടവകയെ പ്രഖ്യാപിച്ചു. 135 കുടുംബങ്ങളുള്ള ഇടവകയിൽ മുഴുവൻ വീടുകളുടെയും കാർബൺ എമിഷൻ കണക്കാക്കിയാണ് കാർബൺ ന്യൂട്രൽ ഇടവക എന്ന പദവി കൈവരിച്ചത്. ഇടവകയിലെ ശരാശരി കാർബൺ ബഹിർഗമനം ദേശീയ ശരാശരിയുടെ പകുതിയോളമേയുള്ളൂ. നൂറു ശതമാനം പരിസ്ഥിതി സാക്ഷരത നേടുന്ന ഇടവക എന്ന നേട്ടവും പൊൻകണ്ടം കൈവരിച്ചു.

## സീറോമലബാർ സഭാ ഹയരാർക്കിയുടെ ചരിത്രപുസ്തകം പ്രകാശനം ചെയ്തു



പാലാ: റവ.ഡോ. ജെയിംസ് പുലിയുറുമ്പിൽ രചിച്ച "Syro-Malabar Hierarchy: Historical Developments (1923-2023)" എന്ന ഗ്രന്ഥം സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് പ്രകാശനം ചെയ്തു. സീറോമലബാർ ഹയരാർക്കിയുടെ സ്ഥാപനം മുതൽ ഇന്നുവരെയുള്ള (1923-2023) നൂറു വർഷത്തെ പ്രധാനസംഭവങ്ങളും നേട്ടങ്ങളും വളർച്ചയുമാണ് പുസ്തകത്തിൽ പ്രതിപാദിക്കുന്നത്. ആധികാരിക രേഖകളെ ആസ്പദമാക്കിയുള്ള ഒരു ചരിത്ര പഠന ഗ്രന്ഥമാണിത്. രചയിതാവിന്റെ 25-ാമത്തെ പുസ്തകമാണിതെന്ന സവിശേഷതയുമുണ്ട്. സഭാചരിത്രത്തിൽ അഗാധമായ പാണ്ഡിത്യമുള്ള ജെയിംസ് അച്ചന്റെ പുസ്തകങ്ങൾ ചരിത്രവിദ്യാർത്ഥികൾക്ക് മികച്ച പഠനസഹായിയാണെന്ന് കർദിനാൾ പുസ്തകപ്രകാശന വേളയിൽ പറഞ്ഞു. ചരിത്രം തമസ്ക്കരിക്കപ്പെടുകയും അപനിർമ്മിക്കപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വസ്തുതകളും സത്യവും തിരിച്ചറിയാൻ ഈ പുസ്തകം സഹായകരമാകുമെന്നും ചരിത്രഗ്രന്ഥങ്ങൾ രചിക്കുന്നതിലൂടെ ബഹു. ജെയിംസ് അച്ചൻ സഭയുടെ വളർച്ചയിൽ അതുല്യമായ സംഭാവനയാണ് നൽകുന്നതെന്നും മേജർ ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു.

പാലാ രൂപതാ മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് ആദ്യപ്രതി ഏറ്റുവാങ്ങിയ ചടങ്ങിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, ഗ്രേറ്റ് ബ്രിട്ടൻ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ, ഷംഷാബാദ് രൂപതാ സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ തുടങ്ങി മറ്റ് വിശിഷ്ടാതിഥികളും സന്നിഹിതരായിരുന്നു.

# സീറോമലബാർ വിഷൻ

## എഡിറ്റോറിയൽ

### സമാധാനത്തിന്റെ സദ്വാർത്തയുമായി വീണ്ടും ഒരു ക്രിസ്തുമസ്

സമാധാനം പ്രമേയമാക്കി ഒരു ചിത്രരചനാമത്സരം സംഘടിപ്പിക്കപ്പെട്ടു. സമർപ്പിക്കപ്പെട്ട അനേകം ചത്രങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട രണ്ടു ചിത്രങ്ങൾ പ്രദർശനത്തിനുവച്ചു. ഒന്നാമത്തെ ചിത്രം ശാന്തമായ തടാകമായിരുന്നു. നീലാകാശവും തെളിഞ്ഞ അടിത്തട്ടും ആ ചിത്രത്തെ അർഥവത്താക്കി. രണ്ടാമത്തെ ചിത്രം ഉണങ്ങിവരണ്ട മലനിരകളും മരുഭൂമിയും ഇടിമിന്നലും എല്ലാം ഉൾപ്പെടുന്നതായിരുന്നു. ഒന്നാമത്തെ ചിത്രം സമ്മാനാർഹമാകുമെന്ന് എല്ലാവരും കരുതിയെങ്കിലും വിജയിച്ചത് രണ്ടാമത്തെ ചിത്രമായിരുന്നു. കാരണമന്വേഷിച്ച ജനങ്ങളോട് രാജാവ് പറഞ്ഞു: രണ്ടാം ചിത്രത്തിലുള്ള മലമുകളിൽ കാറ്റിലാടി ഇടിമിന്നൽകൊണ്ട് നിൽക്കുന്ന മരത്തിന്റെ ചാഞ്ഞുകിടക്കുന്ന ചില്ലയിൽ ഒരു തള്ളക്കുരുവി തന്റെ കുഞ്ഞുങ്ങൾക്കു ഭക്ഷണം നൽകുന്നുണ്ട്. പ്രതികൂല സാഹചര്യത്തിലും ആ പക്ഷിക്കുഞ്ഞുങ്ങളെപോലെ സമാധാനമനുഭവിക്കുന്ന മറ്റാരെങ്കിലും ഉണ്ടാകുമോ.

പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും നടുവിലും "സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത" (ലൂക്ക 2:10) യുമായി ക്രിസ്തുമസ് വീണ്ടും ആഗതമാകുകയാണ്. അതുകൊണ്ടാണ്, "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം! ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം" (ലൂക്ക 2:14) എന്ന കീർത്തനവുമായി മാലാഖമാർ ഉണ്ണിയേശുവിനെ വരവേറ്റത്. ലോക സമാധാനവും സാർവത്രിക സാഹോദര്യവുമാണ് ക്രിസ്തുമസിന്റെ സന്ദേശം. നക്ഷത്രങ്ങളും പുൽക്കൂടുകളും സാന്താക്ലോസും കരോളും ക്രിസ്തുമസ് കാർഡുകളും കേക്കുമൊക്കെയായി ക്രിസ്തുമസ് അടിച്ചുപൊളിക്കാൻ നാം ഒരുങ്ങുകയാണല്ലോ. പതിവ് വിപണനതന്ത്രങ്ങളുമായി 'ഈ ക്രിസ്തുമസ് ഞങ്ങളുടെ ചാനലിനോടൊപ്പം' എന്നും, 'ഇത്തവണത്തെ ക്രിസ്തുമസ് ഷോപ്പിംഗ് ഞങ്ങളുടെ കടയിൽ നിന്ന്' എന്നും പരസ്യങ്ങൾ നൽകി ക്രിസ്തുമസ് കൊഴുപ്പിക്കാൻ അനേകർ കാത്തിരിപ്പുണ്ട്. ക്രിസ്തുമസ് ആഘോഷങ്ങൾക്കിടയിൽ ഉണ്ണിയേശുവിനെ മറന്നുപോകാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

ശാന്തമായിരിക്കുമ്പോൾ മാത്രം രൂപപ്പെടുന്നതല്ല, അസ്വസ്ഥമായിരിക്കുമ്പോഴും ഉരുത്തിരിയേണ്ടതാണ് സമാധാനം. പ്രശ്നങ്ങളും പ്രതിസന്ധികളുമില്ലാത്തപ്പോൾ സന്തോഷിക്കാൻ ആർക്കും കഴിയും. അപശബ്ദങ്ങളും ബഹളങ്ങളുമില്ലാത്തപ്പോൾ സമചിത്തത നിലനിർത്താനും സാധിക്കും. പരീക്ഷിക്കപ്പെടാത്തപ്പോഴും കഠിനാധ്വാനം വേണ്ടാത്തപ്പോഴും എല്ലാവരും ശാന്തരാണ്. എന്നാൽ പിരിമുറുക്കവും സംഘർഷവുമുണ്ടാകുമ്പോഴും ശാന്തത കൈവിടാത്തതാണ് യഥാർത്ഥ സമാധാനം. വിഘ്നങ്ങൾക്കിടയിലും വീണുപോകാതെ പ്രവർത്തനനിരതമാകുന്നതാണ് യഥാർത്ഥ ശാന്തി. അനുകൂലമായ കാലാവസ്ഥയും സമൃദ്ധമായ വിളവുകളും എപ്പോഴും ലഭിക്കുന്ന ആരാണുള്ളത്? തെളിനീരായി എന്നുമൊഴുകാൻ കഴിയുന്ന ഏത് നദിയുണ്ട്? ശാന്തതയും സമാധാനവും ആഗ്രഹിക്കാത്തവരായി ആരുംകാണില്ല. തിരിച്ചറിയുക, പുറമേനിന്ന് രംഗപ്രവേശം ചെയ്യുന്ന ഒന്നല്ല; ഒരുവന്റെ ഉള്ളിൽനിന്നുതന്നെ പരിണമിക്കുന്നതാണിത്. ബാഹ്യഘടകങ്ങൾക്കതീതമായി മനോനില ക്രമപ്പെടുത്താൻ കഴിയുന്നവർക്കു മാത്രമാണ് സമാധാനം അനുഭവിക്കാൻ കഴിയുക. തനിക്കിഷ്ടപ്പെടുന്ന സാഹചര്യങ്ങളിലൂടെ മാത്രം കടന്നുപോകാൻ ആർക്കും കഴിയില്ല. മഴയും വെയിലും കാറ്റും വരൾച്ചയുമുണ്ടാകും. മനസ്സിന്റെ പക്വതയാണ് പ്രതികരണങ്ങളുടെ വൈശിഷ്ട്യം.

ക്രിസ്തുവിന്റെ സ്നേഹത്തിൽ എല്ലാവരും ഒന്നാകുന്ന പുതുലോകം സൃഷ്ടിക്കുകയാണ് ക്രിസ്തുശിഷ്യന്റെ ഉത്തരവാദിത്വം. രക്ഷകന്റെ ആഗമനത്തിനാ യി കാത്തിരിക്കുന്ന മംഗളവാർത്തകാലം ഒരുക്കത്തിന്റെ കാലഘട്ടമാണ്. ഇരുപത്തിയഞ്ച് നോമ്പാചരണത്തിലൂടെ ഉണ്ണിയേശുവിനെ വരവേൽക്കാനായി മനസ്സും ശരീരവും വ്യക്തിജീവിതവും കുടുംബവും സമൂഹവും പരുവപ്പെടട്ടെ. ഏവർക്കും ക്രിസ്തുമസ്-പുതുവത്സര ആശംസകൾ നേരുന്നു.



**ഫാ. ഡോ. ആന്റണി വടക്കേകര വി. സി.**
ചീഫ് എഡിറ്റർ, സീറോമലബാർ വിഷൻ




സീറോമലബാർ വിഷനിലേക്ക് രൂപതാ / സമർപ്പിതസമൂഹ വാർത്തകൾ അയക്കാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ഐഡിയിലേക്ക് മെയിൽ അയക്കുകയോ, നമ്പറിലേക്ക് വാട്ട്സാപ്പ് മെസേജ് അയക്കുകയോ ചെയ്യാവുന്നതാണ്.

email: syromalabarvision@gmail.com
whatsapp: +91 8089552280

സീറോമലബാർ വിഷൻ
EDITORIAL BOARD

PATRON
MAR GEORGE CARDINAL ALENCHERRY
MAJOR ARCHBISHOP

ADVISORY BOARD
MAR JOSEPH PAMPLANY
CHAIRMAN, MEDIA COMMISSION
MAR PAULY KANNOOKADAN
EPISCOPAL MEMBER, MEDIA COMMISSION
MAR SEBASTIAN VANIYAPURACKAL
EPISCOPAL MEMBER, MEDIA COMMISSION

CONSULTANTS
DR. CHACKO KALAMPARAMBIL
DR. KOCHURANI JOSEPH
ADV. AGI JOSEPH

CHIEF EDITOR
FR. DR. ANTONY VADAKKEKARA VC
P.R.O. & SECREATRY, MEDIA COMMISSION

ASSOCIATE EDITOR
FR. DR. PRAKASH MATTATHIL
VICE CHANCELLOR

MANAGING EDITOR
FR. SEBY KOLANGARA
EXECUTIVE DIRECTOR, INTERNET MISSION

DESIGN & LAYOUT
EBY THOMAS
OFFICE STAFF, MEDIA COMMISSION

# സമാധാനം സംജാതമാകുന്നതിനുവേണ്ടി പ്രാർഥിക്കാം



**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ
മേജർ ആർച്ച്ബിഷപ്

ഇസ്രായേലും പലസ്തീനും തമ്മിലുള്ള യുദ്ധം മാസങ്ങൾ പിന്നിട്ടിരിക്കുന്നു. ഈ യുദ്ധമെന്നല്ല ഒരു യുദ്ധവും ക്രൈസ്തവർക്ക് അംഗീകരിക്കാനാവില്ല. യുദ്ധം ഏതു സാഹചര്യത്തിലും ഒഴിവാക്കേണ്ടതാണ്. കാരണം ഒരു യുദ്ധത്തിലും ആരും വിജയിക്കുന്നില്ല, മറിച്ച് എല്ലാവരും പരാജയപ്പെടുകയാണ്. യുദ്ധത്തിൽ ഏർപ്പെടുന്നവർ ആരായാലും അവരെ പിന്തുണയ്ക്കുന്നത് യുദ്ധത്തെ പിന്തുണയ്ക്കുന്നതിനുതുല്യമാണ്.

ക്രൈസ്തവരായ നമ്മെ സംബന്ധിച്ചു സമാധാനത്തിനുവേണ്ടി പ്രാർഥിക്കുക എന്നതാണ് ഈ അവസരത്തിൽ കരണീയമായിട്ടുള്ളത്. കാരണം സമാധാനം ദൈവത്തിന്റെ ദാനമാണ്. സന്മനസ്സുള്ളവർക്കു സമാധാനം നല്കാനുമാണ് കർത്താവായ ക്രിസ്തു ഈ ലോകത്തിലേക്കു വന്നതും ജീവിച്ചു മരിച്ചു ഉത്ഥാനം ചെയ്തതും. അവിടത്തെ ജനനത്തിൽ മാലാഖമാർ പാടി: ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം.'' തന്റെ ഉത്ഥാനത്തിനുശേഷം ഈശോ ശിഷ്യന്മാരെ കണ്ടപ്പോൾ ആശംസിച്ചതും 'നിങ്ങൾക്കു സമാധാനം' എന്നാണ്. ഈ സമാധാനമാണു മനുഷ്യവംശത്തിന് എപ്പോഴും ആവശ്യമായിട്ടുള്ളത്.

യുദ്ധത്തിന്റെ സാഹചര്യത്തിൽ സമാധാനത്തിനുവേണ്ടി പ്രാർഥിക്കുന്നതോടൊപ്പംതന്നെ സമാധാനം സംസ്ഥാപിക്കാനുള്ള പരിശ്രമങ്ങളും നാം നടത്തേണ്ടിയിരിക്കുന്നു. യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ അനുരഞ്ജനത്തിലും സമാധാനത്തിലും എത്തിക്കാൻ പരിശ്രമിക്കുന്നവർക്കാണു നമ്മുടെ പിന്തുണ നല്കേണ്ടത്. അവരുടെ പരിശ്രമങ്ങൾ വിജയിക്കാൻ നമ്മളാൽ കഴിയുന്നതെല്ലാം ചെയ്യുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യണം. അതുപോലെ, യുദ്ധംമൂലം വലിയ സഹനങ്ങൾക്കു വിധേയരാകുന്ന സ്ത്രീകളും കുട്ടികളുമടങ്ങുന്ന നിസ്സഹായരായ ജനവിഭാഗത്തെ സാധിക്കുന്ന എല്ലാവിധത്തിലും സഹായിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2023 ഒക്ടോബർ മാസം ഇരുപത്തിരണ്ടാം തിയതിയിലെ മധ്യാഹ്നപ്രാർഥനാ വേളയിൽ ഉക്രെയിൻ യുദ്ധമുൾപ്പെടെ ലോകത്തിൽ നടക്കുന്ന എല്ലാ യുദ്ധങ്ങളും എപ്പോഴും പരാജയമാണെന്നും അതു മാനവസാഹോദര്യത്തിന്റെ നാശമാണെന്നും പറഞ്ഞു. രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഇസ്രായേൽ പാലസ്തീൻ യുദ്ധത്തിൽ മാർപാപ്പ അതിയായ ഹൃദയവ്യഥ പ്രകടിപ്പിക്കുകയുണ്ടായി.

സായുധാക്രമണംമൂലം യാതനകളനുഭവിക്കുന്ന എല്ലാവരുടെയും ബന്ദികളാക്കപ്പെട്ടവരുടെയും മുറിവേറ്റവരുടെയും ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബാംഗങ്ങളുടെയുംകൂടെ താനുണ്ടെന്നും മാർപാപ്പ കൂട്ടിച്ചേർത്തു.

യുദ്ധത്തിന്റെ ഈ സാഹചര്യത്തിൽ ഒക്ടോബർ ഇരുപത്തിയേഴാം തിയതി ലോക സമാധാനത്തിനുവേണ്ടി ഉപവാസപ്രാർഥനാദിനമായി ആചരിക്കണമെന്നു ഫ്രാൻസിസ് മാർപാപ്പ ആവശ്യപ്പെട്ടിരുന്നു. പരിശുദ്ധ പിതാവിന്റെ അഭ്യർഥന സ്വീകരിച്ചുകൊണ്ടു സീറോമലബാർ സഭാംഗങ്ങളും ഉപവാസ പ്രാർഥന നടത്തുകയും യുദ്ധത്തിനെതിരേയുള്ള എല്ലാ സമാധാനപരിശ്രമങ്ങളെയും പിന്തുണയ്ക്കുകയും ചെയ്തു. ലോകത്തിൽ എല്ലായിടത്തും ശാശ്വതമായ സമാധാനം പുലരട്ടെ!

# പാക്കിസ്ഥാനിൽ ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം: ഇസ്‌ലാമാബാദ് ആർച്ച് ബിഷപ്പ് ജോസഫ് അർഷാദ്

ലാഹോർ: പാക്കിസ്ഥാനിൽ ആസന്നമായ പൊതുതിരഞ്ഞെടുപ്പ് കണക്കിലെടുത്തുകൊണ്ട് എല്ലാ മതവിശ്വാസങ്ങളിൽപ്പെട്ട ആളുകളുടെയും ആഗ്രഹങ്ങൾ രാഷ്ട്രീയ നയരേഖയിൽ ഉൾക്കൊള്ളിക്കണമെന്നു ഇസ്‌ലാമാബാദ്-റാവൽപിണ്ടി ആർച്ച്ബിഷപ്പ് ജോസഫ് അർഷാദ്. നിർണായകമായ വോട്ടെടുപ്പിൽ ക്രൈസ്തവർ ഉൾപ്പെടെയുള്ള മതന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുക്കണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു. പാക്കിസ്ഥാനിൽ പൊതു തെരഞ്ഞെടുപ്പ് നടത്തുന്നത് രാജ്യത്ത് ജനാധിപത്യം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സുപ്രധാന പ്രക്രിയയാണ്, എല്ലാ രാഷ്ട്രീയ നേതാക്കളും പാക്കിസ്ഥാന്റെ അഭിവൃദ്ധിക്കും വികസനത്തിനും ഒരുമിച്ച് പ്രവർത്തിക്കണം. ഇതാണ് ജനാധിപത്യത്തിന്റെ സൗന്ദര്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




1947ൽ പാക്കിസ്ഥാനു സ്വാതന്ത്ര്യം ലഭിച്ചതു മുതൽ മുസ്‌ലീം ഇതര പൗരന്മാർ പാക്കിസ്ഥാന്റെ വികസനത്തിലും സമൃദ്ധിയിലും സാമ്പത്തിക, സാമൂഹിക, സാംസ്കാരിക അഭിവൃദ്ധിയിലും പ്രധാന പങ്കു വഹിച്ചിട്ടുള്ളതു ചരിത്ര സത്യമാണ്. വിവിധ ചിന്താധാരകളിലെ പ്രമുഖ ഇസ്‌ലാമിക പണ്ഡിതന്മാരുമായി സുപ്രധാന കൂടിക്കാഴ്ച നടത്തിയ അദ്ദേഹം തീവ്രവാദം, വിഭാഗീയത എന്നിവയെ ഏകകണ്ഠമായി അപലപിക്കുകയും രാജ്യത്ത് സഹിഷ്ണുതയും സമാധാനവും സുസ്ഥിരതയും കൊണ്ടുവരാനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ക്രൈസ്തവർ അതികഠിനമായ പീഡനങ്ങൾക്ക് ഇരയാകുന്ന രാജ്യമാണ് പാക്കിസ്ഥാൻ. ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ മതനിന്ദ ആരോപിച്ച് പഞ്ചാബ് പ്രവിശ്യയിലെ ജാരൻവാലായിൽ ക്രൈസ്തവർക്ക് നേരെ നീണ്ട ആക്രമണ പരമ്പരയാണ് അരങ്ങേറിയത്. വിവിധ ആക്രമണങ്ങളിൽ ഇരുപതോളം ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടു. നൂറുകണക്കിന് ക്രിസ്ത്യൻ ഭവനങ്ങൾ നശിപ്പിക്കപ്പെട്ടു. അക്രമവും ഭീഷണിയും മൂലം സർവ്വതും ഉപേക്ഷിച്ച് ആയിരക്കണക്കിന് ക്രിസ്ത്യാനികളാണ് പലായനം ചെയ്യുന്നത്.



# കർത്താവിനൊപ്പം സഭാകൂട്ടായ്മയിൽ നമുക്കും ഒന്നിച്ചു നടക്കാം: കർദിനാൾ മാർ ആലഞ്ചേരി

പാലാ രൂപത



കാക്കനാട്: കർത്താവിനോടൊപ്പം സഭയുടെ കൂട്ടായ്മയിൽ ഒന്നിച്ചു നടക്കുന്നവരാകണം സഭാവിശ്വാസികളെന്ന് സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. 'ക്രിസ്തീയ ദൗത്യവും ജീവിതവും പ്രാദേശിക സഭയിലും സമൂഹത്തിലും' എന്ന വിഷയത്തെ ആസ്പദമാക്കി മൂന്ന് ദിവസങ്ങളിലായി നടന്ന പാലാ രൂപതയുടെ മൂന്നാമത് എപ്പാർക്കിയൽ അസംബ്ലി അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എപ്പാർക്കിയൽ അസംബ്ലിയുടെ പ്രസക്തിയെക്കുറിച്ച് സഭാപ്രബോധനങ്ങളുടെയും റോമിൽ സമാപിച്ച സിനഡാത്മക സിനഡിന്റെ ഒന്നാം സമ്മേളനത്തിന്റെ വിചിന്തനങ്ങളുടെയും വെളിച്ചത്തിൽ കർദിനാൾ ഉദ്ബോധിപ്പിച്ചു. പൗരസ്ത്യസഭകൾക്ക് സാർവത്രിക സഭയിലുള്ള പ്രാധാന്യവും അവിഭാജ്യതയും സുവ്യക്തമാക്കുന്നതാണ് ഒന്നാം സമ്മേളനത്തിന്റെ ഔദ്യോഗിക രേഖയുടെ ഒരദ്ധ്യായമെന്ന് മേജർ ആർച്ച്ബിഷപ് വ്യക്തമാക്കി. മാമ്മോദീസ സ്വീകരിച്ച എല്ലാവരും സമന്മാരാണ്, എന്നാൽ സവിശേഷ വരങ്ങളിലൂടെ ശുശ്രൂഷയിൽ വ്യതിരിക്തതയുള്ളവരുമാണ്. എപ്പാർക്കിയൽ അസംബ്ലിയിൽ എല്ലാവരെയും ശ്രവിക്കുന്നതും ക്രിയാത്മകവുമായ ചർച്ചകൾ ഉണ്ടാകണമെന്നും അദ്ദേഹം ഓർമപ്പെടുത്തി.

''സ്നേഹം ഒരു ശീശ്മയ്ക്കും ജന്മം കൊടുക്കുന്നില്ല, വിഭാഗീയതയുണ്ടാക്കുന്നില്ല, അപരനെ ദ്രോഹിക്കുന്ന ഒന്നും ചെയ്യുന്നില്ല'' എന്ന് വിശുദ്ധ ക്ലെമെന്റിനെ ഉദ്ധരിച്ചുകൊണ്ട് കർദിനാൾ പറഞ്ഞു. ജീവനെയും കുടുംബബന്ധങ്ങളെയും സഭാകൂട്ടായ്മയെയും വളർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയുന്ന മനോഭാവം വളർത്തിയെടുക്കുകയും അതിനായി പരിശ്രമിക്കുകയും വേണം. സഭാ സ്ഥാപനങ്ങളിലൂടെയുള്ള സാമൂഹ്യ സേവനത്തിലും ആതുരശുശ്രൂഷയിലും ക്രൈസ്തവസാക്ഷ്യം നൽകാൻ കൂടുതൽ പരിശ്രമിക്കണം. ദരിദ്രരും പീഡിതരും പാർശ്വവത്കരിക്കപ്പെടുന്നവരും സഭയുടെ കരുതലിനും കാരുണ്യത്തിനും പാത്രീഭൂതരാകണം. അവർ നമ്മുടെ അടുക്കൽ വരുമ്പോഴല്ല അവരെ അന്വേഷിച്ചുചെന്ന് അവർക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകാൻ നാം കടപ്പെട്ടവരാണ്. ''ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെയുണ്ട്'' എന്ന ക്രിസ്തുവിന്റെ തിരുവചനം അവരെ സംരക്ഷിക്കുവാനുള്ള സഭയുടെ കടമയെയാണ് സൂചിപ്പിക്കുന്നത് എന്നും മേജർ ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു.

പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ച ചടങ്ങിൽ ചിങ്ങവനം ക്നാനായ സുറിയാനി സഭാധ്യക്ഷൻ കുര്യാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപോലിത്ത അനുഗ്രഹപ്രഭാഷണം നടത്തി. പാലാ രൂപതാ മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ഗ്രേറ്റ് ബ്രിട്ടൻ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ, ഷംഷാബാദ് രൂപതാ സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ, സീറോമലബാർസഭയുടെ പി.ആർ.ഒ.യും മീഡിയാ കമ്മീഷൻ സെക്രട്ടറിയുമായ റവ.ഡോ. ആന്റണി വടക്കേകര വി.സി. എന്നിവർ സന്നിഹിതരായിരുന്നു. രൂപതാ വികാരി ജനറൽ റവ. ഫാ. ജോസഫ് തടത്തിൽ സ്വാഗതമാശംസിക്കുകയും ചാൻസലർ റവ. ഫാ. ജോസഫ് കുറ്റിയാങ്കൽ ഉദ്ഘാടന സമ്മേളനത്തിൽ കൃതജ്ഞതയർപ്പിക്കുകയും ചെയ്തു.

## അമേരിക്കയിലെ ചെറുപുഷ്പ മിഷൻ ലീഗിന്റെ വാർഷികാഘോഷങ്ങൾ അവിസ്മരണീയമായി




ബാൾട്ടിമോർ: തങ്ങളുടെ സമയവും കഴിവുകളും മറ്റുള്ളവർക്കായി പങ്കുവെക്കണമെന്നും അവരുടെ ജീവിതത്തിൽ ഒരു തിരി വെളിച്ചമായി മാറുവാൻ സാധിക്കണമെന്നും ചിക്കാഗോ രൂപത അധ്യക്ഷൻ മാർ ജോയി ആലപ്പാട്ട്. ചെറുപുഷ്പ മിഷൻ ലീഗ് ചിക്കാഗോ രൂപതയുടെ ഒന്നാമത് വാർഷികാഘോഷങ്ങൾ, ബാൾട്ടിമോർ സെന്റ് അൽഫോൻസാ ഇടവക ദേവാലയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മിഷൻ ലീഗിലെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ യേശുക്രിസ്തുവാകുന്ന പ്രകാശത്തെ മറ്റുള്ളവരിലേക്ക് പകർന്നുകൊടുക്കുവാൻ ഏവർക്കും കടമയുണ്ടെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ചെറുപുഷ്പ മിഷൻ ലീഗ് ചിക്കാഗോ രൂപത പ്രസിഡന്റ് സിജോയ് സിറിയക് പറപ്പള്ളിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. മിഷൻ ലീഗ് രൂപതാ ഡയറക്ടർ റവ.ഡോ. ജോർജ് ദാനവേലിൽ, ജനറൽ സെക്രട്ടറി ടിൻസൺ തോമസ്, ബാൾട്ടിമോർ ഇടവക വികാരി ഫാ. വിൽസൺ ആന്റണി, ബാൾട്ടിമോർ യൂണിറ്റ് പ്രസിഡന്റ് ഏബി ബേസിൽ എന്നിവർ പ്രസംഗിച്ചു.

രാവിലെ നടന്ന സെമിനാറിൽ രൂപതാ ജോയിന്റ് ഡയറക്ടർ സിസ്റ്റർ ആഗ്നസ് മരിയ എം.എസ്.എം.ഐ ക്ലാസ്സുകൾ നയിച്ചു. മിഷൻ ലീഗ് ബാൾട്ടിമോർ യുണിറ്റ് ഓർഗനൈസർ ബിനു സെബാസ്റ്റിൻ സ്വാഗതവും യുണിറ്റ് സെക്രട്ടറി കിരൺ ചാവറ നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന വിശുദ്ധ കുർബാനയിൽ ചിക്കാഗോ രൂപതാ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് മുഖ്യകാർമികത്വം വഹിച്ചു.

ബാൾട്ടിമോർ ഇടവക വികാരി ഫാ. വിൽസൺ ആന്റണി, ബാബു പ്ലാത്തോട്ടത്തിൽ, ജോവി വല്ലമറ്റം, തോമസ് വർഗീസ്, ഷെൽവിൻ ഷാജൻ, സോളി എബ്രാഹം, ബിനു സെബാസ്റ്റിൻ, ജിനിതാ ജോമി എന്നിവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ പരിപാടികൾക്ക് നേതൃത്വം നൽകി.




70 Years of DEDICATED CARE for you near you

വെരിക്കോസ് വെയിൻ ചികിത്സയ്ക്ക്
അവസാന വാക്ക് ചെത്തിപ്പുഴ ആശുപത്രി

- നൂതന സാങ്കേതികവിദ്യ
- വൈദഗ്ദ്ധ്യം തെളിയിച്ച ഡോക്ടർമാർ
- കൂടുതൽ വിജയകരമായ വെരിക്കോസ് ശസ്ത്രക്രിയകൾ

ST. THOMAS HOSPITAL
CHETHIPUZHA
blessed for healing

Kurisummood P.O., Chethipuzha,
Changanassery, Kottayam, Kerala - 686104
Tel: 0481 27 22 100

37 ഡിപ്പാർട്ട്മെന്റുകൾ, 107 വിദഗ്ദ്ധ ഡോക്ടർമാർ (A Health Care Project of the Archdiocese of Changanassery)

# The Face of the Faceless അതുല്യമായ ചലച്ചിത്രം: കർദിനാൾ മാർ ആലഞ്ചേരി



കാക്കനാട്: ഉത്തരേന്ത്യയിൽ അതിക്രൂരമായി കൊലചെയ്യപ്പെട്ട സി. റാണി മരിയയുടെ ജീവിതവും സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും രക്തസാക്ഷിത്വവും ഇതിവൃത്തമാക്കിയ The Face of the Faceless എന്ന സിനിമ അതുല്യമായ ചലച്ചിത്രമാണെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. സഭ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ നടന്ന പൊതുസമ്മേളനത്തിൽ ഈ സിനിമയുടെ അഭിനേതാക്കളെയും അണിയറപ്രവർത്തകരെയും ആദരിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. The Face of the Faceless എന്ന സിനിമയുടെ പ്രചാരം സാമൂഹ്യതിന്മകൾക്കെതിരെയുള്ള ഒരു പോരാട്ടമാണെന്നും ക്രിസ്തുനാഥന്റെ ത്യാഗസന്ദേശം ലോകമെമ്പാടും എത്തിക്കാൻ ഉപകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നവംബർ 10-ാം തിയതി ഉച്ചകഴിഞ്ഞു മൂന്നുമണിക്ക് ആരംഭിച്ച പൊതുസമ്മേളനത്തിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് 36ഓളം വരുന്ന സിനിമാപ്രവർത്തകർക്ക് പ്രശംസാഫലകങ്ങൾ സമ്മാനിച്ചു. ചാലക്കുടി സേക്രഡ് ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിലെ 30 വിദ്യാർത്ഥിനികൾ അവതരിപ്പിച്ച പ്രാർത്ഥനാനൃത്തത്തോടെയാണ് സമ്മേളനം ആരംഭിച്ചത്.

ചലച്ചിത്രതാരം സിജോയ് വർഗീസ് സിനിമാ ആസ്വാദനം നടത്തി സംസാരിച്ചു. ഇന്നത്തെ സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലത്തിൽ മികവുറ്റതും കലാമൂല്യവുമുള്ള സിനിമയാണ് The Face of the Faceless എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

16 സംസ്ഥാനങ്ങളിൽ നിന്നുള്ള 150ൽ പരം പ്രശസ്ത കലാകാരന്മാർ അണിനിരക്കുന്ന ഈ ബോളിവുഡ് ചിത്രം ഇതിനോടകം മുപ്പതോളം ഇന്റർനാഷണൽ അവാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ട്. മലയാളഭാഷയിലും അവതരിപ്പിക്കപ്പെടുന്ന ഈ ചിത്രം നവംബർ 17ന് തിയറ്ററുകളിൽ പ്രദർശനമാരംഭിക്കുമെന്ന് സെൻട്രൽ പിക്ചേഴ്സ് സംഘാടകർ അറിയിച്ചു. കൂരിയാ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ, പി.ആർ.ഒ. യും മീഡിയാ കമ്മീഷൻ സെക്രട്ടറിയുമായ ഫാ. ഡോ. ആന്റണി വടക്കേകര വി.സി., സി. റാണി മരിയയുടെ കഥാപാത്രത്തെ അനശ്വരമാക്കിയ വിൻസി അലോഷ്യസ്, സംവിധായകൻ ഷെയ്സൺ പി. ഔസേപ്പ്, നിർമ്മാതാവ് സാന്ദ്ര ഡിസൂസ റാണ, ഗാനരചയിതാവ് കൈതപ്രം ദാമോദരൻ നമ്പൂതിരി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസറും എഡിറ്ററുമായ രഞ്ജൻ എബ്രഹാം എന്നിവർ പ്രസംഗിച്ചു. ■

# ജീവസമൃദ്ധിയുടെ നൂറാമത്തെ കുടുംബത്തിന് പ്രോത്സാഹനത്തുക കൈമാറി



പാലാ: ജീവസമൃദ്ധി പദ്ധതിയിലൂടെ തിരഞ്ഞെടുക്കപ്പെട്ട നൂറാമത്തെ കുടുംബത്തിന് പാലാ രൂപതാ ആസ്ഥാനത്തുവെച്ച് സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും ചേർന്ന് പ്രോത്സാഹനമായി പതിനായിരം രൂപ കൈമാറി. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കൂടുതൽ മക്കളുള്ള ക്രിസ്ത്യൻ കുടുംബങ്ങളെ സഹായിക്കാൻ രൂപീകൃതമായ പദ്ധതിയാണ് ജീവസമൃദ്ധി. ഒരു കുടുംബത്തിലെ നാലാമത്തെ കുട്ടിയുടെ മുതൽ ജനനത്തോട് അനുബന്ധിച്ച് പ്രോത്സാഹനമായി പതിനായിരം രൂപ നൽകുന്നതാണ് പദ്ധതി. ദൈവം നൽകുന്ന ജീവൻ പരിപോഷിപ്പിക്കപ്പെടുന്നതിനും വലിയ കുടുംബങ്ങൾ ഉണ്ടാകുന്നതിനും ജീവസമൃദ്ധി പദ്ധതി കാരണമാകട്ടെയെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ആശംസിച്ചു. സീറോമലബാർസഭയുടെ പി.ആർ.ഒ.യും മീഡിയാ കമ്മീഷൻ സെക്രട്ടറിയുമായ റവ. ഡോ. ആന്റണി വടക്കേകര വി.സി., പാലാ രൂപതയുടെ കൂരിയാ അംഗങ്ങൾ, ജീവസമൃദ്ധി പദ്ധതി കോർഡിനേറ്റർമാരായ ജോജി കോലഞ്ചേരി, ഫാ. അരുൺ, പദ്ധതിയോട് സഹകരിക്കുന്ന മറ്റ് വ്യക്തികൾ എന്നിവരും സന്നിഹിതരായിരുന്നു.

# നവകേരള സദസിൽ ലഹരിമുക്ത കേരളം അജണ്ടയാക്കണം: കെസിബിസി മദ്യവിരുദ്ധ സമിതി

കൊച്ചി: നവകേരള സദസ്സിൽ ലഹരിമുക്ത കേരളം അജണ്ടയാക്കണമെന്നാവശ്യപ്പെട്ട് കെസിബിസി മദ്യ വിരുദ്ധ സമിതിയുടെയും, കേരള മദ്യ വിരുദ്ധ ഏകോപന സമിതിയുടെയും നേതൃത്വത്തിൽ കലൂരിൽ പ്രതിഷേധ നില്പ് സമരം നടത്തി. മദ്യവർജനം നയമായി പ്രഖ്യാപിച്ച സർക്കാർ മദ്യശാലകളുടെ എണ്ണം ക്രമാതീതമായി വർധിപ്പിച്ച് കേരളത്തെ മദ്യാസക്ത കേരളമായി മാറ്റുകയാണ്. ഒരു വശത്ത് മദ്യശാലകൾ അനുവദിക്കുകയും മറുഭാഗത്ത് മദ്യവർജനം പറയുകയും ചെയ്യുന്ന നയം ഇരട്ടത്താപ്പാണ്. മദ്യനയം സംബന്ധിച്ച് നവകേരള സദസ്സിൽ ജനഹിതം ആരായണമെന്നും പ്രതിഷേധക്കാർ ആവശ്യപ്പെട്ടു.

മദ്യ വിമോചന സമരസമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഇ.എ. ജോസഫ് പ്രതിഷേധ നിൽപ് സമരം ഉദ്ഘാടനം ചെയ്തു. കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന വക്താവ് അഡ്വ. ചാർളി പോൾ അധ്യക്ഷത വഹിച്ചു. ജെയിംസ് കോറമ്പേൽ, കുരുവിള മാത്യൂസ്, ഹിൽട്ടൺ ചാൾസ്, ഏലൂർ ഗോപിനാഥ്, രാധാകൃഷ്ണൻ കടവുങ്കൽ, ഷൈബി പാപ്പച്ചൻ, എം.എൽ ജോസഫ്, സിസ്റ്റർ ആൻസില, കെ.എ. പൗലോസ്, കെ.വി.ജോണി, എം.പി. ജോസി, ശോശാമ്മ തോമസ്, വിജയൻ പി. മുണ്ടിയാത്ത് എന്നിവർ പ്രസംഗിച്ചു.

# സാധുസേവനസഭാ സ്ഥാപകനും പ്രകൃതിചികിത്സാ വിദഗ്ധനുമായ ഫാ. തോമസ് മാളിയേക്കലിന് ആദരാഞ്ജലികൾ

കാക്കനാട്: പ്രകൃതിയോടുള്ള സ്നേഹവും അതിന്റെ അടിസ്ഥാനത്തിൽ പ്രകൃതി ചികിത്സയും കണ്ടെത്തി അനേകർക്ക് ആരോഗ്യം വീണ്ടെടുക്കുന്നതിന് സഹായിച്ച





ഒരു ധിഷണാശാലിയാണ് ബഹു. തോമസ് മാളിയേക്കലച്ചനെന്ന് സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് അനുസ്മരിച്ചു. മള്ളുശ്ശേരിയിലെ സാധുസേവനസഭ, മൂഴിക്കുളത്തെ പ്രകൃതി ചികിത്സാലയം എന്നിവ സ്ഥാപിച്ച ബഹു. ഫാ. തോമസ് മാളിയേക്കൽ തികച്ചും ഭാരതീയ ശൈലിയിൽ പ്രാർത്ഥനാ ജീവിതവും സന്ന്യാസതുല്യമായ ലളിത ജീവിതവും നയിച്ചിരുന്ന ഒരു ഇടവക വൈദികനായിരുന്നു. സർക്കാരുകൾ അംഗൻവാടി എന്ന സംവിധാനം കൊണ്ടുവരുന്നതിന് അനേകവർഷങ്ങൾ മുൻപേ, മള്ളുശ്ശേരി ഇടവകയിൽ ബാലവാടി എന്ന സംരംഭം കൊണ്ടുവന്ന ക്രാന്തദർശിയായിരുന്നു എറണാകുളം-അങ്കമാലി അതിരൂപതാംഗമായ ഈ വൈദികൻ. മള്ളുശ്ശേരി പ്രദേശത്തെ കർഷകർക്ക് ജലസേചന സൗകര്യത്തിനുവേണ്ടി അച്ചന്റെ നേതൃത്വത്തിൽ ജലജീവൻ ഇറിഗേഷൻ പ്രൊജക്റ്റ് നടപ്പിലാക്കിയിരുന്നു.

സാധുസേവനസഭ എന്ന സമർപ്പിതസമൂഹം സ്ഥാപിച്ച് അനേകം യുവതികളെ ക്രൈസ്തവ ആധ്യാത്മികതയിലേക്കും പ്രകൃതി ചികിത്സയിലേക്കും ആനയിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. സ്വതസിദ്ധമായ കഴിവുകളിലൂടെയും ദൈവം പൗരോഹിത്യത്തിലൂടെ അദ്ദേഹത്തിന് നൽകിയ സവിശേഷ സിദ്ധികളെയും വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തി സഭാ ശുശ്രൂഷയും സാധുജനസേവനവും നടത്തിയ ബഹു. തോമസ് മാളിയേക്കലച്ചന് ആലഞ്ചേരി പിതാവ് ആദരാഞ്ജലികൾ അർപ്പിച്ചു.

# സ്വവർഗ്ഗവിവാഹം, ഗർഭഛിദ്രം: സുപ്രീംകോടതി വിധി പ്രതീക്ഷ നൽകുന്നത്

## രാഷ്ട്രീയ-ഭരണ നേതൃത്വങ്ങൾ നിലപാട് പ്രഖ്യാപിക്കണം

കാക്കനാട്: സ്വവർഗ വിവാഹത്തിന് നിയമ സാധുത നൽകാനാവില്ലെന്ന സുപ്രധാന വിധിയും, ഭ്രൂണത്തിന്റെ വളർച്ച ആറുമാസം പിന്നിട്ട സാഹചര്യത്തിൽ ഗർഭഛിദ്രത്തിന് അനുമതി നൽകാനാവില്ലെന്ന തീരുമാനവും പുറപ്പെടുവിച്ച സുപ്രീം കോടതിയുടെ നിലപാടുകൾ മനുഷ്യജീവനെ ബഹുമാനിക്കുകയും കുടുംബം എന്ന മൂല്യം ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന എല്ലാവർക്കും പ്രതീക്ഷയും സന്തോഷവും നൽകുന്നുവെന്ന് സീറോമലബാർസഭയുടെ കുടുംബത്തിനും അൽമായർക്കും ജീവനും വേണ്ടിയുള്ള കമ്മീഷൻ അഭിപ്രായപ്പെട്ടു.

എല്ലാ ഭാരതീയരും അഭിമാനിക്കുകയും ഊറ്റം കൊള്ളുകയും ചെയ്യുന്ന ആർഷഭാരത സംസ്കാരം മഹത്തായ ചില മൂല്യങ്ങളിൽ അടിസ്ഥാനമിട്ടതാണ്. സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബമാണ് ഏറ്റവും പ്രധാനമായ മൂല്യം. കുടുംബത്തിനും, കുടുംബ ബന്ധങ്ങൾക്കും അതീവ പ്രാധാന്യം നൽകുന്ന ഭാരതത്തിൽ സ്ത്രീ-പുരുഷ ചേർച്ചയാൽ സാധ്യമാകുന്ന വിവാഹത്തിന് മറ്റു നിർവ്വചനങ്ങൾ നൽകാനുള്ള ശ്രമങ്ങൾ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. കുടുംബങ്ങൾ തകർന്നാൽ സമൂഹത്തിന് പിന്നെ നിലനിൽപ്പില്ല. ദത്തെടുക്കപ്പെടുന്ന കുട്ടികൾക്ക് പിതാവിന്റെയും മാതാവിന്റെയും സ്നേഹം ലഭിക്കാൻ അവകാശമുണ്ട്. സ്ത്രീ-പുരുഷ ബന്ധങ്ങളിലും, മാതൃ-പിതൃ ബന്ധങ്ങളിലും അധിഷ്ഠിതമായ വിവാഹജീവിതവും കുടുംബജീവിതവും, ഗർഭധാരണം മുതലുള്ള മനുഷ്യജീവന്റെ മൂല്യവും അഭംഗുരം സംരക്ഷിക്കപ്പെടണം എന്നത് കത്തോലിക്കാസഭയുടെ പ്രഖ്യാപിത നിലപാടാണെന്ന് കമ്മീഷൻ ചൂണ്ടിക്കാണിച്ചു.

ഭാരതത്തിലെ രാഷ്ട്രീയ-ഭരണ നേതൃത്വങ്ങൾ ഗർഭഛിദ്രം, ഭ്രൂണഹത്യ, സ്വവർഗ വിവാഹങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ തങ്ങളുടെ നിലപാട് പ്രഖ്യാപിണമെന്നും തെരെഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഉൾപ്പെടുത്തണമെന്നും കമ്മീഷൻ ആവശ്യപ്പെടുന്നു.

ഏതുതരം ലൈംഗിക ചായ്‌വുകളുള്ളവരാണെങ്കിലും അവരെ ഉൾക്കൊള്ളാനും, അവരോട് അനുഭാവവും സ്നേഹവും പ്രകടിപ്പിക്കാനും പൊതുസമൂഹം വൈമുഖ്യം പ്രകടിപ്പിക്കാൻ പാടില്ല. ഇക്കാര്യത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ നിലപാടാണ് കത്തോലിക്കാസഭയ്ക്ക് മുഴുവനുമുള്ളത്. വിവേചനത്തിന്റെ ഏതൊരു അടയാളവും ക്രൈസ്തവമല്ല. സ്വവർഗ ലൈംഗിക താല്പര്യം പ്രകടിപ്പിക്കുന്നവർക്കും സമൂഹം കരുതലോടുകൂടിയ സംരക്ഷണം ഉറപ്പുവരുത്തണമെന്ന് സീറോമലബാർ സിനഡൽ കമ്മീഷൻ ആവശ്യപ്പെടുന്നു.

കമ്മീഷൻ ചെയർമാൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കമ്മീഷൻ അംഗം മാർ ജോസ് പുളിക്കൽ, ജനറൽ സെക്രട്ടറി റവ. ഡോ. ആന്റണി മൂലയിൽ, സിബിസിഐ അൽമായ കൗൺസിൽ സെക്രട്ടറി ഷെവ. വി.സി. സെബാസ്റ്റ്യൻ, സീറോമലബാർ അൽമായ ഫോറം സെക്രട്ടറി ശ്രീ. ടോണി ചിറ്റിലപ്പിള്ളി, പ്രോ ലൈഫ് എക്സിക്യൂട്ടീവ് സെക്രട്ടറി ശ്രീ. സാബു ജോസ്, മാതൃവേദി ഭാരവാഹികളായ ഫാ. ഡെന്നി താണിക്കൽ, ശ്രീമതി ബീന ജോഷി, ശ്രീമതി ആൻസി ചേന്നോത്ത്, കുടുംബ പ്രേഷിതത്വ സെക്രട്ടറി ഫാ.മാത്യു ഓലിക്കൽ, കുടുംബ കൂട്ടായ്മ ഭാരവാഹികളായ ഫാ. ലോറൻസ് തൈക്കാട്ടിൽ, ഡോ. രാജു ആന്റണി, ഡോ. ഡെയ്സൺ പാണേങ്ങാടൻ തുടങ്ങിയവർ പ്രസംഗിച്ചു.

# വൊക്കേഷൻ പ്രമോട്ടർമാർ കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിക്കണം: കർദിനാൾ മാർ ആലഞ്ചേരി



കാക്കനാട്: വൊക്കേഷൻ പ്രമോട്ടർമാർ ഭാവി സഭയെ മുന്നിൽ കണ്ടുകൊണ്ട് കൂട്ടുത്തരവാദിത്വത്തോടുകൂടെ ദൈവവിളി പ്രോത്സാഹനം നടത്തണമെന്ന് സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. സീറോമലബാർ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ 2023 നവംബർ 14ന് നടന്ന വൊക്കേഷൻ പ്രമോട്ടർമാരുടെ Training Programme ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദൈവവിളി കമ്മീഷൻ ചെയർമാൻ മാർ ലോറൻസ് മുക്കുഴി അധ്യക്ഷത വഹിച്ച യോഗത്തിൽ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, അഭിവന്ദ്യ മാർ തോമസ് തറയിൽ എന്നിവർ ഈ കാലഘട്ടത്തിൽ ദൈവവിളി പ്രോത്സാഹന രംഗങ്ങളിൽ നേരിടുന്ന വെല്ലുവിളികളെയും പ്രതിസന്ധികളെയും കുട്ടികളെ സമീപിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട മനോഭാവങ്ങളെയും കുറിച്ച് ക്ലാസ്സുകൾ നയിച്ചു.

ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിന് ഫാ. തോമസ് മേൽവെട്ടത്ത് സ്വാഗതം ആശംസിച്ചു. 90 പേർ പങ്കെടുത്ത മീറ്റിംഗിൽ ദൈവവിളി പ്രോത്സാഹന രംഗങ്ങളിൽ നേരിടേണ്ടിവരുന്ന അനുകൂലവും പ്രതികൂലവുമായ കാര്യങ്ങൾ ചർച്ച ചെയ്തു. സി. ജിൻസി ചാക്കോ എം.എസ്.എം.ഐ. എല്ലാവർക്കും നന്ദി പറഞ്ഞു.

# വിവാഹ ധനസഹായം നൽകുന്നു

സീറോമലബാർസഭയുൾപ്പെടുന്ന മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് മുന്നാക്ക കോർപ്പറേഷൻ വിവാഹ ധനസഹായം നൽകുന്നു. 2023 ജനുവരി ഒന്നു മുതൽ 2023 ഡിസംബർ 31ന് ഉള്ളിൽ വിവാഹം കഴിഞ്ഞ വർക്കാണ് നൽകപ്പെടുന്നത്. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള വർക്ക് അപേക്ഷിക്കാം. ഒരുലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. വിവാഹം നടന്ന ദേവാലയത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, പഞ്ചായത്ത്/മുൻസിപ്പാലിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ കോപ്പി, ബാങ്ക് പാസ്ബുക്ക്, ആധാർ കാർഡ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങൾ വഴി അപേക്ഷ സമർപ്പിക്കണം.

വിശദവിവരങ്ങൾക്ക്: 9496919888, Fr. Jiji Thomas. Director, Kerala State Welfare Corporation For Forward Communities




# വിശുദ്ധരോടുള്ള വണക്കവും പൊതുജന ഭക്തിയുടെ രൂപങ്ങളും



**മാർ ടോണി നീലങ്കാവിൽ**
ചെയർമാൻ, ദൈവശാസ്ത്ര കമ്മീഷൻ

കത്തോലിക്കാസഭയുടെ പൊതു പൈതൃകമാണ് വിശുദ്ധരോടുള്ള വണക്കം. വിശുദ്ധരെ വണങ്ങുന്നത് വഴി അവരുടെ ജീവിത മാതൃകയെ നാം അനുസ്മരിക്കുകയും ആദരിക്കുകയും അവരുടെ മഹനീയ മാതൃക അനുകരിക്കുകയും ചെയ്യുന്നു. കൂടാതെ ദൈവതിരുമുമ്പിൽ സവിശേഷ സ്ഥാനമർഹിക്കുന്ന ഈ വിശുദ്ധരുടെ മാധ്യസ്ഥ്യം നാം യാചിക്കുകയും ചെയ്യുന്നു. വിശുദ്ധർക്ക് നൽകുന്ന വണക്കത്തെ കുൾത്തൂസ് ദൂളിയെ (cultus duliae) എന്നാണ് പരമ്പരാഗത ദൈവശാസ്ത്രത്തിൽ വിശേഷിപ്പിക്കുന്നത്. തങ്ങളുടെ വിശുദ്ധ ജീവിതം വഴി ദൈവമഹത്വത്തിൽ പങ്കുപറ്റിയവരെ ബഹുമാനിക്കുകയും വണങ്ങുകയും ആദരം പ്രകടിപ്പിക്കുകയും ചെയ്യുന്ന പൊതുവായ രീതിയാണിത്.

വിശുദ്ധരോടുള്ള വണക്കത്തെക്കുറിച്ച് ആദ്യമായി സംസാരിക്കുന്നത് ആദിമസഭയിലെ ദൈവശാസ്ത്രചിന്തകനായ ഒരിജനാണ് (185254). രണ്ടാം നിഖ്യ (787), ത്രെന്തോസ് (154563) എന്നീ സാർവത്രിക സൂനഹദോസുകൾ വിശുദ്ധരോടുള്ള വണക്കത്തെക്കുറിച്ച് വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. വിശുദ്ധരുടെ സ്വരൂപങ്ങൾക്ക് നൽകുന്ന ക്രൈസ്തവ വണക്കം വിഗ്രഹങ്ങളെ നിരോധിക്കുന്ന പ്രഥമ കൽപ്പനയ്ക്ക് വിരുദ്ധമല്ല. ''ഒരു സ്വരൂപത്തിന് നൽകുന്ന വണക്കം അതിന്റെ ആദിരൂപത്തിലേക്ക് കടന്നുചെല്ലുന്നു''. ഒരു സ്വരൂപത്തെ വണങ്ങുന്നവർ അതിൽ ചിത്രീകരിക്കപ്പെടുന്ന വ്യക്തിയെ വണങ്ങുന്നു. തിരുസ്വരൂപങ്ങൾക്ക് നൽകുന്ന ബഹുമാനം ആദരമാർന്ന വണക്കമാണ്; ദൈവത്തിനു മാത്രം അർഹമായ ആരാധനയല്ല (CCC 2132). ആരാധനയ്ക്ക് യോഗ്യനായവൻ ദൈവം മാത്രമാണ് (cfr. മത്താ 4:10). ദൈവത്തിന് നൽകുന്ന ഈ വണക്കത്തെ ലാത്രിയാ (latria) എന്നാണ് ദൈവശാസ്ത്രത്തിൽ വിശേഷിപ്പിക്കുന്നത്. മതപരമായ വന്ദനം സ്വരൂപങ്ങളെ കേവലം വസ്തുക്കളായി പരിഗണിച്ചുകൊണ്ട് അവയെ തന്നെ ലക്ഷ്യം വയ്ക്കുന്നതല്ല, മറിച്ച് ദൈവത്തിലേക്ക് നമ്മെ നയിക്കുന്ന സ്വരൂപങ്ങൾ എന്ന നിലയിൽ നൽകപ്പെടുന്നതാണ്. വിശുദ്ധരുടെ സ്വരൂപത്തിലേക്കുള്ള നീക്കം ഒരു സ്വരൂപം എന്ന നിലയിൽ അതിൽ തന്നെ അവസാനിക്കുന്നില്ല, മറിച്ച് അത് ആരുടെ സ്വരൂപമാണോ ആ വ്യക്തിയിൽ ചെന്നെത്തുന്നു. ആ വ്യക്തിയുടെ ദൈവോന്മുഖതയും ദൈവാരാധനയും ദൈവൈകൃത്തിലുള ക്രൈസ്തവജീവിതവും ആ വിശുദ്ധരെ വണങ്ങുന്നവർക്ക് പ്രചോദനമായി മാറുന്നു; അങ്ങനെ അത് ദൈവത്തിലേക്ക് ഒരു വിശ്വാസിയെ നയിക്കുന്നു. ചുരുക്കത്തിൽ, വിശുദ്ധരുടെ തിരുസ്വരൂപങ്ങളും ചിത്രങ്ങളും വിശ്വാസിയെ സ്വർഗ്ഗോന്മുഖമായി ചിന്തിക്കുവാൻ ഇടയാക്കുന്നതാണ്.




വിശുദ്ധരോടുള്ള വണക്കത്തിൽ പരിശുദ്ധ കന്യകാമറിയത്തിന് പ്രത്യേകമായ സ്ഥാനമുണ്ട്. കുൾത്തൂസ് ഹൈപ്പർ ദൂളിയെ (cultus hyper duliae) എന്നാണ് മാതാവിനോടുള്ള വണക്കത്തെ വിളിക്കുന്നത്. രക്ഷണീയ കർമ്മത്തിൽ മറ്റാരെയുംകാൾ സഹകരിച്ചത് പരിശുദ്ധ കന്യകാമറിയം ആയതിനാൽ മറിയം നമ്മുടെ പ്രത്യേക വണക്കത്തിന് അർഹയാണ് (LG 6067).

വിശുദ്ധരുടെ വണക്കത്തോട് ചേർന്ന് വിശ്വാസികളുടെ ഇടയിൽ പലതരത്തിലുള്ള ഭക്തകൃത്യങ്ങളും ഭക്തിയുടെ രൂപങ്ങളും നിലനിൽക്കുന്നുണ്ട്. ക്രൈസ്തവരുടെ മതാത്മകത സഭയുടെ കൗദാശിക ജീവിതത്തോട് അനുബന്ധിച്ചുള്ള വിവിധ ഭക്താഭ്യാസങ്ങളിലൂടെ പ്രകാശിതമായിട്ടുണ്ട്. തിരുശേഷിപ്പ് വന്ദനം, വിശുദ്ധരുടെ ജീവിതത്തോട് ബന്ധപ്പെട്ടിട്ടുള്ള വസ്തുക്കളോടുള്ള ആദരവ്, തീർത്ഥാടനങ്ങൾ, പ്രദക്ഷിണങ്ങൾ, ജപമാല, മെഡലുകൾ, നൊവേനകൾ, കുരിശിന്റെ വഴി തുടങ്ങിയവയെല്ലാം ഈ ഭക്തി രൂപങ്ങളുടെ ഉദാഹരണങ്ങളാണ് (CCC 1674).

ഈ ഭക്തിപ്രകടനങ്ങളുടെ ഉദ്ദേശ്യം ആരാധനാ ജീവിതത്തെ വ്യാപിപ്പിക്കുകയാണ്, അതിനു തടസ്സം നിൽക്കുകയല്ല (CCC 1675). ഈ ഭക്തകൃത്യങ്ങളെല്ലാം എപ്രകാരമായിരിക്കണമെന്നും അവ എന്തിലേക്ക് നമ്മെ നയിക്കണമെന്നും സഭ നമ്മെ പ്രബോധിപ്പിക്കുന്നുണ്ട്. ആരാധന കാലങ്ങളോടു ഒത്തുപോകുന്ന വിധത്തിലും വിശുദ്ധ ആരാധനാക്രമത്തോടു പൊരുത്തപ്പെടുന്ന രീതിയിലും അവയെ ചിട്ടപ്പെടുത്തണം. അതിൽനിന്ന് അവ ഉരിത്തിരിയുകയും അതിലേക്ക് ആളുകളെ നയിക്കുകയും വേണം. കാരണം ആരാധനാക്രമം അതിന്റെ സ്വഭാവത്താൽ തന്നെ ഏതൊരു ഭക്താഭ്യാസത്തേക്കാളും ശ്രേഷ്ഠമാണ് (SC 13).

ഭക്താഭ്യാസങ്ങൾ സ്വതന്ത്രമായ ഇഷ്ടത്താലോ, ആരാധനാക്രമ ചൈതന്യത്തിന് വിരുദ്ധമായോ, വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലോ അനുഷ്ഠിക്കാൻ പാടുള്ളതല്ല. അജപാലനപരമായ വിവേചന ബുദ്ധിയോടെയാവണം പൊതുജന ഭക്താഭ്യാസങ്ങളെ സംരക്ഷിക്കുകയും പോഷിപ്പിക്കുകയും ചെയ്യേണ്ടത്. വിശ്വാസികൾ ക്രിസ്തു രഹസ്യത്തിന്റെ അറിവിൽ വളരുന്നതിന് പ്രചോദിപ്പിക്കുന്ന വിധത്തിൽ പൊതുജന ഭക്താഭ്യാസങ്ങളെ നവീകരിക്കുവാനും പുതിയവ ക്രമപ്പെടുത്തുവാനും ഇടയശുശ്രൂഷയിൽ ഉള്ളവരും അധികാരികളും ശ്രദ്ധിക്കേണ്ടതുണ്ട്. ഭക്തകൃത്യങ്ങളുടെ പിന്നിലുള്ള മതബോധം വഴിതെറ്റുന്നുണ്ടെങ്കിൽ അവയെ ശുദ്ധീകരിക്കുകയും തിരുത്തുകയും ചെയ്യേണ്ടതുണ്ട്.

പേജ് 11



# സിനഡിലെ സീറോമലബാർ സഭാംഗങ്ങൾ മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി

വത്തിക്കാൻ: ആഗോള കത്തോലിക്കാ സഭാ സിനഡിൽ പങ്കെടുത്ത സീറോമലബാർ സഭാ പ്രതിനിധികൾ സിനഡു സമ്മേളനത്തിനിടെ ഫ്രാൻസിസ് മാർപാപ്പയുമായി പ്രത്യേക കൂടിക്കാഴ്ച്ച നടത്തുകയും പരിശുദ്ധ പിതാവിനോടും അപ്പസ്തോലിക സിംഹാസനത്തോടുമുള്ള സീറോമലബാർസഭയുടെ സ്നേഹവും വിധേയത്വവും പ്രകടിപ്പിക്കുകയും ചെയ്തു. കൂടിക്കാഴ്ച്ചയ്ക്കിടെ ഫാ. ജേക്കബ് കോറോത്ത് വരച്ച വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ഐക്കൺ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് മാർപാപ്പയ്ക്ക് സമ്മാനിച്ചു. സിബിസിഐ പ്രസിഡന്റ് എന്ന നിലയിൽ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മാർപാപ്പയെ ഇന്ത്യ സന്ദർശിക്കാൻ വീണ്ടും ക്ഷണിച്ചു. പരിശുദ്ധ പിതാവ് ഇന്ത്യാ സന്ദർശനത്തിനുള്ള തന്റെ ആഗ്രഹം പ്രകടിപ്പിക്കുകയും സമയത്തിന്റെ പൂർണ്ണതയിൽ ദൈവഹിതപ്രകാരം അത് സംഭവിക്കുമെന്ന് പ്രത്യാശിക്കുകയും ചെയ്തു. സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ഈ കൂടിച്ചേരലിന് പരിശുദ്ധ പിതാവ് നന്ദി അറിയിച്ചു.



സീറോമലബാർ സഭാ പ്രതിനിധികളായ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനോടും ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിനോടും ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി പിതാവിനോടുമൊപ്പം സിനഡിൽ സംബന്ധിക്കുന്ന മറ്റു മലയാളികളും ഈ കൂടിക്കാഴ്ച്ചയിൽ പങ്കുചേർന്നു.

# കെസിബിസി ജാഗ്രതാ സദസിന് തുടക്കം



കൊച്ചി: കെസിബിസി ജാഗ്രതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ ചർച്ചാവേദിയായ 'കെസിബിസി ജാഗ്രതാ സദസി'നു പാലാരിവട്ടം പിഒസിയിൽ തുടക്കമായി. സീറോമലബാർസഭ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി അധ്യക്ഷത വഹിച്ചു. 'ക്രിസ്തീയ ന്യൂനപക്ഷ അവകാശങ്ങൾ, വെല്ലുവിളികളും സാധ്യതകളും' എന്ന വിഷയത്തിൽ ജസ്റ്റീസ് ജെ.ബി. കോശി മുഖ്യപ്രഭാഷണം നടത്തി. ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. മൈക്കിൾ പുളിക്കൽ, പ്രൊഫ. കെ. എം. ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.

# കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ "അതിജീവന യാത്ര" ഡിസംബർ 11 മുതൽ 22 വരെ

കൊച്ചി: കേരളത്തിലെ കാർഷിക മേഖല വിലത്തകർച്ചയും വന്യമൃഗ ആക്രമണവും കൃഷി നാശവും മൂലം മുൻപ് ഒരിക്കലും ഇല്ലാത്ത വിധം പ്രതിസന്ധിയിൽ ആയിട്ടും സർക്കാരുകൾ സത്വര നടപടികൾ സ്വീകരിക്കാത്തത് കർഷകരോടുള്ള വെല്ലുവിളിയാണെന്ന് കത്തോലിക്ക കോൺഗ്രസ്.

വന്യമൃഗങ്ങൾ മനുഷ്യജീവനുകൾ കവർന്നെടുത്തിട്ടും വലിയ തോതിൽ കൃഷി നശിപ്പിച്ചിട്ടും ശാശ്വത പരിഹാരം കാണുവാൻ സർക്കാരുകൾ തയ്യാറാവുകുന്നില്ല. അർഹതപെട്ട അവകാശങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കുവാൻ സർക്കാർ ബാധ്യസ്ഥമാണ്. കർഷകർ കൂട്ടത്തോടെ കൃഷി ഉപേക്ഷിക്കുമ്പോഴും, സംരംഭകരും യുവജനങ്ങളും കേരളം ഉപേക്ഷിച്ച് വിദേശങ്ങളിലേക്ക് ചേക്കേറുമ്പോഴും ദീർഘവീക്ഷണത്തോടെ പരിഹാര പദ്ധതികൾ രൂപീകരിക്കുവാൻ സർക്കാരുകളെ പ്രേരിപ്പിക്കുന്നതിനും കർഷകരക്ഷയ്ക്കായും കത്തോലിക്ക കോൺഗ്രസ് നേതൃത്വത്തിൽ കാസർഗോഡ് നിന്നും തിരുവനന്തപുരത്തേക്ക് ഡിസംബർ 11 മുതൽ 22 വരെ ''അതിജീവന യാത്ര'' സംഘടിപ്പിക്കുന്നു.




സീറോമലബാർ സഭാ സിനഡ് സെക്രട്ടറി ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഡിസംബർ 11നു ഇരിട്ടിയിൽ 'അതിജീവനയാത്ര' ഉദ്ഘാടനം ചെയ്യും. കത്തോലിക്ക കോൺഗ്രസ് ബിഷപ്പ് ഡെലെഗേറ്റ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റും ജാഥാക്യാപ്റ്റനുമായ അഡ്വ. ബിജു പറയനിലത്തിനു പതാക കൈമാറി ഫ്ളാഗ് ഓഫ് ചെയ്യും. തുടർന്ന് കാസർഗോഡ് വെള്ളരിക്കുണ്ടിൽ നിന്നും ആരംഭിച്ച് വിവിധ കേന്ദ്രങ്ങളിൽ പൊതുസമ്മേളനങ്ങളും സംവാദങ്ങളും നടത്തി ഡിസംബർ 22നു 11 മണിക്ക് തിരുവനന്തപുരം സെക്രട്ടേറിയറ്റ് പടിക്കൽ വമ്പിച്ച ധർണ്ണയോടെ ''അതിജീവന യാത്ര'' സമാപിക്കും. ചങ്ങനാശ്ശേരി അതിരൂപത ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുംതോട്ടം സെക്രട്ടേറിയറ്റ് പടിക്കൽ ധർണ്ണ ഉദ്ഘാടനം ചെയ്യും. കേരളത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ബിഷപ്പുമാർ, സാമൂഹ്യ, രാഷ്ട്രീയ, സമുദായ നേതാക്കൾ, കർഷക പ്രതിനിധികൾ തുടങ്ങിയവർ അതിജീവന യാത്രയെ അഭിസംബോധന ചെയ്യും. തുടർന്ന് അഞ്ച് ലക്ഷംപേർ ഒപ്പിട്ട ഭീമഹർജി സർക്കാരുകൾക്ക് മുമ്പിൽ സമർപ്പിക്കും.

ഗ്ലോബൽ ഡയറക്ടർ ഫാ.ഡോ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, ട്രഷറർ ഡോ ജോബി കാക്കശേരി, ഭാരവാഹികളായ ഡോ.ജോസ്കുട്ടി ജെ. ഒഴുകയിൽ, ഡേവിസ് ഇടക്കളത്തൂർ, തോമസ് പീടികയിൽ, രാജേഷ് ജോൺ, ബെന്നി ആന്റണി, ടെസ്സി ബിജു, ട്രീസ ലിസ് സെബാസ്റ്റ്യൻ, അഡ്വ. ഗ്ലാഡിസ് ചെറിയാൻ, ഗ്ലോബൽ, രൂപത ഭാരവാഹികൾ എന്നിവർ അടങ്ങുന്ന 501 അംഗ സമിതി അതിജീവന യാത്രക്ക് നേതൃത്വം നൽകും.






# ഇസ്രായേൽ-പലസ്തീൻ യുദ്ധം
## പ്രത്യയശാസ്ത്രങ്ങളും ചരിത്രവും പുതിയ ലോകക്രമവും



**ഫാ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ**
സെക്രട്ടറി, കെസിബിസി
ഐക്യ ജാഗ്രത കമ്മീഷൻ

ആധുനിക ലോകചരിത്രത്തെ രണ്ടായി തിരിക്കുന്ന നിർണ്ണായക ഘട്ടമാണ് രണ്ടാം ലോകമഹായുദ്ധ കാലം. അതിന് മുമ്പുള്ള ലോക ചരിത്രത്തിൽനിന്ന് തികച്ചും വിഭിന്നമാണ് പിന്നീട് ലോകക്രമത്തിൽ സംഭവിച്ചിട്ടുള്ള ഗതിമാറ്റങ്ങൾ. അതിനാൽത്തന്നെ, രാജ്യങ്ങളുടെയും വംശങ്ങളുടെയും ചരിത്രങ്ങളെയും വിവിധ പ്രത്യയ ശാസ്ത്രങ്ങളുടെ സമീപനങ്ങളെയും രണ്ടുവിധത്തിൽ വേണം വായിക്കാൻ. രണ്ടാം ലോകമഹായുദ്ധത്തിന്റെ അന്ത്യത്തിനും ഐക്യരാഷ്ട്രസഭയുടെ ആരംഭത്തിനും ശേഷം വലിയ മാറ്റങ്ങൾ ലോകത്തിൽ സംഭവിച്ചു. ഇരുണ്ട ചരിത്രങ്ങളുടെ തടവറയിൽനിന്ന് ഏതാണ്ട് എല്ലാ സമൂഹങ്ങളും സ്വതന്ത്രമായത് അതിനുശേഷമാണ്.

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം പ്രതിസന്ധികൾ രൂക്ഷമായിരുന്ന ഇസ്രായേൽ പലസ്തീൻ പ്രദേശത്തിൽ 1947ൽ ഐക്യരാഷ്ട്രസഭ സ്വീകരിച്ച നിലപാട് യഹൂദർക്കും പലസ്തീനികൾക്കും രണ്ടു രാജ്യങ്ങൾ എന്നതായിരുന്നു. തീരുമാനം അംഗീകരിച്ച യഹൂദർ ഇസ്രായേൽ എന്ന രാജ്യം 1948ൽ പ്രഖ്യാപിച്ചെങ്കിലും പലസ്തീനികളും അറബ് രാജ്യങ്ങളും അത് അംഗീകരിച്ചില്ല എന്ന് മാത്രമല്ല, രാജ്യപ്രഖ്യാപനത്തിന് തൊട്ടുപിന്നാലെ ഈജിപ്ത്, സിറിയ, ഇറാഖ്, ജോർദാൻ, ലെബനോൻ എന്നീ രാജ്യങ്ങൾ ഇസ്രായേലുമായി യുദ്ധത്തിന് മുന്നിട്ടിറങ്ങി. എന്നാൽ യുദ്ധത്തിൽ അവർ പരാജയപ്പെടുകയും പലസ്തീനിന് അനുവദിക്കപ്പെട്ടിരുന്ന ചില പ്രദേശങ്ങൾകൂടി ഇസ്രായേലിന്റെ ഭാഗമാവുകയും ചെയ്തു. മറ്റു പ്രദേശങ്ങൾ അതോടെ യുദ്ധത്തിനിറങ്ങിയ രാജ്യങ്ങളുടെ നിയന്ത്രണത്തിലായി മാറി. പിന്നീട് പലപ്പോഴായി പരിഹാര ശ്രമങ്ങൾ പലരീതിയിൽ നടന്നിരുന്നെങ്കിലും മറുവശത്ത് ഇസ്രായേലിനെതിരെ നിരന്തര ആക്രമണങ്ങളും നടന്നുകൊണ്ടിരുന്നു.

2023 ഒക്ടോബർ ഏഴാം തിയ്യതി അപ്രതീക്ഷിതമായി പൊട്ടിപ്പുറപ്പെട്ട ഇസ്രായേൽ പലസ്തീൻ യുദ്ധത്തിന്റെ വിവിധ വീക്ഷണകോണുകളിൽ നിന്നുള്ള വിശകലനങ്ങൾ ആരംഭം മുതൽ വിവിധ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. ഒരുപക്ഷെ ലോകത്തിലെ മറ്റെല്ലാ ഭൂപ്രദേശങ്ങളെയുംകാൾ, കേരളസമൂഹത്തിൽ ഇക്കാര്യത്തിലും പതിവുപോലെ ചൂടേറിയ ചർച്ചകളാണ് നടന്നു കൊണ്ടിരിക്കുന്നത്. വിവിധ പ്രത്യയശാസ്ത്രങ്ങളുടെ കണ്ണുകളിലൂടെയും, മാനവികതയുടെ വിശാല കാഴ്ചപ്പാടുകളിലൂടെയും റിപ്പോർട്ടുകളും ലേഖനങ്ങളും പ്രത്യക്ഷപ്പെടുന്നുണ്ട്. ലേഖനകർത്താക്കളുടെ ലക്ഷ്യങ്ങൾ പലതാണ്. ഇപ്പോൾ ഉടലെടുത്തിരിക്കുന്ന പ്രത്യേക സാഹചര്യത്തെ തങ്ങളുടെ ആശയപ്രചാരണത്തിനുള്ള അവസരമാക്കിയെടുത്തിരിക്കുന്ന നല്ലൊരു വിഭാഗം പേർ സമൂഹമാധ്യമങ്ങളിലും മുഖ്യധാരാ മാധ്യമങ്ങളിലുമുണ്ട്.

## പ്രത്യയശാസ്ത്രങ്ങളുടെ വീക്ഷണങ്ങൾ

തീവ്രവാദവും യുദ്ധവും ഒരു പരിഹാര മാർഗ്ഗമല്ല, എല്ലാ യുദ്ധങ്ങളും തോൽവിയാണ്; അക്കാരണത്താൽ ആക്രമണം നിർത്തിവയ്ക്കണമെന്നാണ് ഫ്രാൻസിസ് പാപ്പ ആവശ്യപ്പെട്ടത്. നിഷ്കളങ്കരും നിരപരാധികളുമായ ജനലക്ഷങ്ങളുടെ വേദനയെ മുന്നിർത്തിയായിരുന്നു പാപ്പയുടെ വാക്കുകൾ. ഇത്തരത്തിലുള്ള നിഷ്പക്ഷ നിലപാടുകൾക്കപ്പുറം പലരും ഏതെങ്കിലും ഒരു പക്ഷം ചേരുന്നതായുള്ള പ്രഖ്യാപനങ്ങളാണ് ഈ ദിവസങ്ങളിൽ വാർത്തകളിൽ നിറഞ്ഞുനിൽക്കുന്നത്.

പലസ്തീൻ എന്ന 'ഇസ്ലാമിക സമൂഹവും', യഹൂദ രാജ്യമായ ഇസ്രായേലും തമ്മിലുള്ള സംഘർഷം എന്ന നിലയിൽ മതപരമായ വീക്ഷണകോണാണ് ഇവിടെ മുഖ്യം. പലസ്തീനിലെ 'ദുർബലരായ' ഇസ്ലാമിക സമൂഹത്തിന് മേലുള്ള അതിക്രമമായി ഒരു വിഭാഗംപേർ ഇപ്പോഴത്തെ യുദ്ധത്തെ കാണുമ്പോൾ, തങ്ങളുടെ ബദ്ധശത്രുക്കളായ ഇസ്ലാമിനെതിരെയുള്ള നീക്കം എന്ന നിലയിലാണ് ഗാസയിലെ ഇസ്രായേൽ ആക്രമണത്തെ മറ്റൊരു കൂട്ടർ കാണുന്നത്. ഈ രണ്ട് നിലപാടുകളും പക്ഷപാതപരമാണ്. ചില രാഷ്ട്രീയ വർഗീയ പ്രത്യയശാസ്ത്രങ്ങൾ ഇസ്രായേലിനെയും, യഹൂദരെയും മറ്റൊരു കണ്ണിലൂടെയാണ് കാണുന്നത് എന്നുള്ളത് ഒരു വസ്തുതയാണ്. അതിന് പുറമെയാണ്, ഇസ്രായേൽ എന്ന രാജ്യം പലസ്തീൻ ജനതയോട് ചെയ്യുന്നത് ക്രൂരതയും അനീതിയുമാണെന്ന നിരന്തര വാദം.

മുന്നറിയിപ്പോ പ്രകോപനങ്ങളോ ഇല്ലാതെ അപ്രതീക്ഷിതമായി നടന്ന കിരാതമായ ഒരു ആക്രമണത്തെ തുടർന്ന് യുദ്ധത്തിനിറങ്ങാൻ ഇസ്രായേൽ നിർബ്ബന്ധിതരാവുകയായിരുന്നു എന്ന സാഹചര്യത്തെയും, പലസ്തീനിന് രാഷ്ട്ര പദവി നഷ്ടപ്പെടാനും, ആ മേഖലയെ നിരന്തര സംഘർഷ മേഖലയാക്കി മാറ്റാനും മുഖ്യ പങ്കുവഹിച്ച ചുറ്റുവട്ടത്തുള്ള മുസ്ലീം രാജ്യങ്ങളുടെ ഇടപെടലുകളെയും, ചരിത്രത്തിന്റെ സമഗ്രതയെയും മനഃപൂർവ്വം അവഗണിച്ചുകൊണ്ടാണ് ചിലർ ഹമാസ് തീവ്രവാദികൾക്ക് നിരുപാധിക പിന്തുണ നൽകുന്നത് എന്നതാണ് വാസ്തവം.

ലോകത്തിലെ ഏറ്റവും ചെറിയ രാജ്യങ്ങളിലൊന്നായ ഇസ്രായേലും അംഗസംഖ്യ ഏറ്റവും കുറഞ്ഞ സമൂഹങ്ങളിൽ ഒന്നായ യഹൂദരും ഈ ആധുനിക കാലഘട്ടത്തിൽ തങ്ങൾ നേരിടേണ്ടതായി വന്ന പ്രതിസന്ധികളെ ഇതുവരെ അതിജീവിച്ചിട്ടുണ്ടെങ്കിൽ അത് അത്ഭുതകരമാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് തങ്ങൾക്ക് കൈവിട്ടുപോയ പൂർവ്വിക ദേശത്തേക്ക് തിരികെയെത്താൻ അവർ നടത്തിയ സാഹസികമായ പരിശ്രമമാണ് 1948ൽ വിജയത്തിലേക്ക് എത്തിയത്. ആ തിരിച്ചെത്തൽ സംഭവിച്ചിരുന്നില്ലെങ്കിൽ ഇന്ന് ആ ജനത ഭൂമുഖത്ത് അവശേഷിക്കുമായിരുന്നില്ല എന്നുള്ളത് മറ്റൊരു സത്യം.

1947 ൽ തങ്ങൾക്ക് ഒരു കൊച്ചു രാജ്യം വേണം എന്നതിനപ്പുറം മറ്റൊന്നും അവർ ലോക രാജ്യങ്ങളോട് ആവശ്യപ്പെട്ടിരുന്നില്ല. ആ ആവശ്യം ന്യായമാണെന്ന് മനസിലാക്കിയ ഐക്യരാഷ്ട്രസഭയിലെ ഭൂരിപക്ഷം അംഗങ്ങളും ഇസ്രായേലിന് അനുകൂലമായി വോട്ട് ചെയ്തു. എന്നാൽ, ഇസ്രായേൽ എന്ന രാഷ്ട്രത്തെ ഒരു വിധത്തിലും അംഗീകരിക്കാൻ ചുറ്റുമുള്ള അറബ് മുസ്ലീം രാജ്യങ്ങൾ തയ്യാറായില്ല.

അതായിരുന്നു, 1948 ലെയും തുടർന്ന് പിന്നീട് പലപ്പോഴായും ഉണ്ടായ വലിയ യുദ്ധങ്ങൾക്ക് കാരണം. തങ്ങൾക്കിടയിൽ ഒരു യഹൂദ രാജ്യം ഉണ്ടാകുന്നത് പ്രത്യയശാസ്ത്രപരമായി അംഗീകരിക്കാൻ ഇസ്ലാമിക രാഷ്ട്രങ്ങൾക്ക് കഴിയുമായിരുന്നില്ല എന്നതായിരുന്നു മുഖ്യ കാരണം. ആ വിരോധമാണ് ഇന്നും തുടരുന്നത്. തങ്ങളെ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കാൻ വെമ്പൽ കൊള്ളുന്ന ഒരു വലിയ ജനതയ്ക്കിടയിലാണ് ജീവിക്കുന്നത് എന്ന ബോധ്യം ഇസ്രായേലിന് എന്നുമുണ്ട്.

## 1948ന് മുന്നിലെ ചരിത്രങ്ങൾ

ലോകത്തിലെ എല്ലാ രാജ്യങ്ങൾക്കുമുള്ളതുപോലെ ഇസ്രായേലിന്റെ ചരിത്രത്തിനും നിരവധി അധ്യായങ്ങളുണ്ട്. ബി.സി. 1300 മുതൽ അത് ആരംഭിക്കുന്നു. യഹൂദ ജനതയായി ആ ദേശത്ത് വാസമുറപ്പിച്ചത് മുതൽ നിരവധി കയറ്റിറക്കങ്ങളിലൂടെയാണ് അവർ കടന്നുപോയത്. ഒടുവിൽ ബഹുഭൂരിപക്ഷം പേരും അവിടെനിന്നും പലായനം ചെയ്യാൻ നിർബന്ധിതരായി. പിൽക്കാലത്ത് ഓട്ടോമൻ ഭരണത്തിന് കീഴിലായ ആ ഭൂപ്രദേശത്ത് അറേബ്യൻ മുസ്ലീം സമൂഹം വേരുറപ്പിച്ചു. നൂറ്റാണ്ടുകൾക്ക് ശേഷം സയണിസ്റ്റ് മൂവ്മെന്റിന്റെ ഭാഗമായി ലോകത്ത് പലയിടങ്ങളിൽനിന്നും യഹൂദർ തങ്ങളുടെ പൂർവ്വപിതാക്കന്മാരുടെ ദേശത്തേക്ക് തിരിച്ചെത്തിത്തുടങ്ങി. അക്കാലത്ത് ലാകത്തിലെ എല്ലാ രാജ്യങ്ങൾക്കുമുള്ളതുപോലെ ഇസ്രായേലിന്റെ ചരിത്രത്തിനും നിരവധി അധ്യായങ്ങളുണ്ട്. ബി.സി. 1300 മുതൽ അത് ആരംഭിക്കുന്നു. യഹൂദ ജനതയായി ആ ദേശത്ത് വാസമുറപ്പിച്ചത് മുതൽ നിരവധി കയറ്റിറക്കങ്ങളിലൂടെയാണ് അവർ കടന്നുപോയത്. ഒടുവിൽ ബഹുഭൂരിപക്ഷം പേരും അവിടെനിന്നും പലായനം ചെയ്യാൻ നിർബന്ധിതരായി. പിൽക്കാലത്ത് ഓട്ടോമൻ ഭരണത്തിന് കീഴിലായ ആ ഭൂപ്രദേശത്ത് അറേബ്യൻ മുസ്ലീം സമൂഹം വേരുറപ്പിച്ചു. നൂറ്റാണ്ടുകൾക്ക് ശേഷം സയണിസ്റ്റ് മൂവ്മെന്റിന്റെ ഭാഗമായി ലോകത്ത് പലയിടങ്ങളിൽനിന്നും യഹൂദർ തങ്ങളുടെ പൂർവ്വ പിതാക്കന്മാരുടെ ദേശത്തേക്ക് തിരിച്ചെത്തിത്തുടങ്ങി. അക്കാലത്ത് അവിടം ഒരു ബ്രിട്ടീഷ് കോളനിയായി മാറ്റപ്പെട്ടിരുന്നു. ബ്രിട്ടൻ അവിടെനിന്ന് പിൻവാങ്ങിയ 1947 മുതലാണ് പുതിയ രാഷ്ട്രങ്ങൾക്കായുള്ള ഇടപെടലുകൾ ഐക്യരാഷ്ട്ര സഭ നടത്തി തുടങ്ങിയത്. അവിടെനിന്ന് പുതിയ ചരിത്രം ആരംഭിക്കുന്നു.

പേജ് 11

# മിസ്സിസ്സാഗാ രൂപതയുടെ പ്രഥമ എപ്പാർക്കിയിൽ അസംബ്ലി സമാപിച്ചു

മിസ്സിസ്സാഗാ രൂപത



“ദൗത്യമാവുക, സഭയെ പടുത്തുയർത്തുക” (Be a Mission and Build the Church) എന്ന മുഖ്യപ്രമേയത്തെ അടിസ്ഥാനമാക്കി 2023 നവംബർ 9 മുതൽ 12 വരെ കാനഡയിലെ ഒന്റാരിയോ പ്രോവിൻസിലെ ഓറഞ്ച്‌വില്ലയിലുള്ള വാലി ഓഫ് മദർ ഓഫ് ഗോഡ് സെന്ററിൽ വച്ച് നടത്തിയ മിസ്സിസ്സാഗാ രൂപതയുടെ പ്രഥമ എപ്പാർക്കിയൽ അസംബ്ലിയ്ക്ക് സമാപനമായി. ദൈവത്തിന്റെ അതിരറ്റ സ്നേഹപദ്ധതിയുടെ ഭാഗമായി രൂപമെടുത്ത മിസ്സിസ്സാഗാ രൂപതയുടെ എട്ടാം വാർഷികത്തിൻറെയും 2024 ആഗസ്റ്റ് മാസം നടക്കാനിരിക്കുന്ന മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെയും പശ്ചാത്തലത്തിലാണ് പ്രഥമ എപ്പാർക്കിയൽ അസംബ്ലി നടത്തപ്പെട്ടത്. അസംബ്ലിയുടെ ഉദ്ഘാടനം നവംബർ 10-ാം തീയതി ഹാമിൽട്ടൺ രൂപതാദ്ധ്യക്ഷനും കാനഡ കത്തോലിക്കാമെത്രാൻ സമിതിയുടെ സുവിശേഷവത്കരണം & വിശ്വാസപരിശീലനം കമ്മീഷൻ പ്രസിഡന്റുമായ മോസ്റ്റ് റവ. ഡഗ്ളസ്സ് ക്രോസ്ബി നിർവ്വഹിച്ചു. സീറോമലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ് കർദിനാൾ ആലഞ്ചേരി വീഡിയോ സന്ദേശത്തിലൂടെ അസംബ്ലിക്ക് പ്രാർത്ഥനാശംസകൾ അർപ്പിച്ചു. ദൈവജനത്തെ പടുത്തുയർത്താനാവശ്യമായ പദ്ധതികളുടെ രൂപീകരണമാണ് അസംബ്ലിയുടെ ലക്ഷ്യമെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ മിസ്സിസ്സാഗാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് കല്ലുവേലിൽ അംഗങ്ങളെ ഉദ്ബോധിപ്പിച്ചു.

രൂപതയിലെ എല്ലാ വൈദികരും സന്യസ്തരും വിവിധ ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും അൽമായസംഘടനാപ്രതിനിധികളും ഉൾപ്പെടെ എഴുപത്തഞ്ച് പ്രതിനിധികൾ അസംബ്ലിയിൽ പങ്കെടുത്തു. സീറോമലബാർസഭയുടെ തനിമയും ദൗത്യവും, കുടുംബങ്ങളുടെ ദൗത്യം: സാക്ഷ്യജീവിതവും വിശ്വാസകൈമാറ്റവും, യുവജനങ്ങളുടെ പ്രേക്ഷിതദൗത്യം, വിശ്വാസരൂപീകരണം: കാലോചിതമായി സഭയെ പടുത്തുയർത്തുക, രൂപതയുടെ സ്വയംപര്യാപ്തതയിലേക്കുള്ള വളർച്ചയും വെല്ലുവിളികളും, ആധുനീക സമ്പർക്ക മാധ്യമങ്ങളിലൂടെയുള്ള പ്രേഷിതദൗത്യം, ദൈവവിളി പ്രോത്സാഹനം, സാമൂഹ്യസേവന മേഖലകൾ എന്നീ വിഷയങ്ങളെ ആധാരമാക്കി തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി, ടൊറന്റോ യുക്രേനിയൻ രൂപതാദ്ധ്യക്ഷൻ മോസ്റ്റ് റവ. ബ്രയൻ ബൈഡ, റവ. ഫാ. തോമസ് വെമ്മാന്തറ, റവ. ഫാ. ഡാരിസ് ചെറിയാൻ മൂലയിൽ, ശ്രീ. ജോൺ ജോയി, ശ്രീമതി. മേരി ജോസ്, ഡോ. ആൻ എബ്രാഹം, ശ്രീ. ജോസ് വർഗ്ഗീസ്, ശ്രീ. ജോളി ജോസഫ്, ശ്രീ. സന്തോഷ് മാത്യു, അഡ്വ. ബിന്നി ജോസഫ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സമാപന സമ്മേളനത്തിൽ കാനഡയിലെ വത്തിക്കാൻ സ്ഥാനപതി മോസ്റ്റ് റവ. ആർച്ച്ബിഷപ്പ് ഇവാൻ യുർക്കോവിച്ച് മുഖ്യാതിഥിയായിരുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വിഭാവനം ചെയ്യുന്ന സിനഡാത്മകസഭയ്ക്ക് ഊർജ്ജം പകരാൻ മിസ്സിസ്സാഗാ എപ്പാർക്കിയൽ അസംബ്ലി സഹായകമാകുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. രൂപതയുടെ വരുംകാല അജപാലനപ്രവർത്തനങ്ങൾക്കുതകുന്ന പതിനാലിന നിർദ്ദേശങ്ങൾ അസംബ്ലി അംഗങ്ങളെ പ്രതിനിധീകരിച്ച് ജനറൽ കൺവീനർ റവ. ഫാ. പത്രോസ് ചമ്പക്കരയും കൺവീനർ റവ. ഫാ. അഗസ്റ്റിൻ കല്ലിങ്കത്തറയിലും മിസ്സിസ്സാഗാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലുവേലിൽ പിതാവിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. പ്രസ്തുത നിർദ്ദേശങ്ങൾ രൂപതയുടെ ബന്ധപ്പെട്ട നൈയാമികസമിതികളിൽ അവതരിപ്പിച്ച് സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതാണെന്ന് അഭിവന്ദ്യ പിതാവ് അസംബ്ലിയെ അറിയിച്ചു.

# സ്വയംപര്യാപ്ത ഭക്ഷ്യസംസ്ക്കാരം കാലഘട്ടത്തിന്റെ ആവശ്യം: മാർ ജോസഫ് പണ്ടാരശ്ശേരിൽ

കോട്ടയം അതിരൂപത

കണ്ണൂർ: സ്വയംപര്യാപ്ത ഭക്ഷ്യസംസ്ക്കാരം ഇന്നിന്റെ ആവശ്യമാണെന്നും പൊതുജനാരോഗ്യത്തിൽ ഭക്ഷ്യസ്വയംപര്യാപ്തതയ്ക്ക് നിർണ്ണായക പങ്കുണ്ടെന്നും കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ. കോട്ടയം അതിരൂപതയുടെ അൽമായ സംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള കർഷകഫോറത്തിന്റെയും മലബാർ റീജിയണിലെ ഭാരവാഹികളുടെ നേതൃസംഗമത്തിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സഭയുടെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും സർവ്വോന്മുഖമായ വളർച്ചയ്ക്ക് സംഘടനാ പ്രവർത്തനങ്ങൾ സഹായകമാകണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കെ.സി.സി മലബാർ റീജിയൺ പ്രസിഡന്റ് ജോസ് കണിയാപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ ചേർന്ന യോഗത്തിൽ അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കെ.സി.സി അതിരൂപതാ പ്രസിഡന്റ് പി.എ ബാബു പറമ്പടത്തുമലയിൽ, മലബാർ റീജിയൺ ചാപ്ലെയിൻ ഫാ. ജോയി കട്ടിയാങ്കൽ, സജി കല്ലിടുക്കിൽ, ഷിജു കൂരാനായിൽ, സജി പ്ലാച്ചേരിപ്പുറത്ത്, സാബു കരിശ്ശേരിക്കൽ, ഫിലിപ്പ് കൊട്ടോടി തുടങ്ങിയവർ പ്രസംഗിച്ചു. കർഷഫോറത്തെ സംബന്ധിച്ച് ജനറൽ കൺവീനർ എം.സി. കുര്യാക്കോസ് വിഷയാവതരണം നടത്തി. ക്നാനായ സമുദായത്തിലെ ആനുകാലിക വിഷയങ്ങളെക്കുറിച്ച് ഫാ. മൈക്കിൾ വെട്ടിക്കാട്ട് ക്ലാസ്സ് നയിക്കുകയും സംശയ നിവാരണം നടത്തുകയും ചെയ്തു. മലബാർ റീജിയണിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.



# വിശുദ്ധരോടുള്ള വണക്കവും പൊതുജന ഭക്തിയുടെ രൂപങ്ങളും

07-ാം പേജിൽ നിന്നും തുടർച്ച

സഭയുടെ പൊതുചട്ടങ്ങൾക്ക് വിധേയമായും മെത്രാൻമാരുടെ മേൽനോട്ടത്തിലും തീരുമാനത്തിലുമാണ് ഭക്താഭ്യാസങ്ങൾ ക്രമീകരിക്കേണ്ടത് (CCC 1676). അവ വ്യക്തിപരമല്ല; സഭാപരമാണ്.

ആരാധനാക്രമത്തിന് പുറമേ വ്യത്യസ്ത സംസ്ക്കാരങ്ങളിൽ വേരുറച്ചിട്ടുള്ള വിവിധ പൊതുജന ഭക്താഭ്യാസങ്ങൾ ക്രൈസ്തവ ജീവിതത്തെ പുഷ്ടിപ്പെടുത്തുന്നുണ്ട്. എങ്കിലും അത്തരത്തിലുള്ള ഭക്താഭ്യാസങ്ങൾ വിഗ്രഹാരാധനയിലേക്കോ വസ്തു വണക്കത്തിലേക്കോ നയിക്കുന്നുണ്ടെങ്കിൽ അത് തിരുത്തപ്പെടേണ്ടതാണ്. വികാരത്തിന്റെ സ്വാധീനത്തിൽ എന്നതിനേക്കാൾ വിശ്വാസത്തിന്റെ വെളിച്ചത്തിലും, സഭയുടെ പ്രബോധനങ്ങളുടെ അടിസ്ഥാനത്തിലും അത്തരത്തിലുള്ള ഭക്താഭ്യാസങ്ങളെയും വണക്കങ്ങളെയും ശുദ്ധീകരിക്കേണ്ടതുണ്ട്.

വിശുദ്ധരോടും വിശുദ്ധവസ്തുക്കളോടുമുള്ള വണക്കവും ബഹുമാനവും വിശുദ്ധി തന്നെയായ ദൈവത്തിലേക്ക് ഓരോ വിശ്വസിയേയും നയിക്കേണ്ടതുണ്ട്. യഥാർത്ഥ ദൈവാരാധനയിലേക്ക് നയിക്കുന്നില്ലാത്ത 'ആചാരങ്ങൾ' അവ ഏതുവിധ പാരമ്പര്യത്തിന്റെയും അനുഷ്ഠാനരീതികളുടെയും പിൻബലത്തിൽ ആണെങ്കിലും തികച്ചും അക്രൈസ്തവമാണ്. വിശുദ്ധരുടെ തിരുനാളുകളുടെ ഭാഗമായി ഇത്തരം അനുഷ്ഠാനങ്ങൾ ആരും പ്രോത്സാഹിപ്പിക്കാൻ പാടുള്ളതല്ല; വിഗ്രഹാരാധനയിലേക്ക് നയിക്കുന്നതും അന്ധവിശ്വാസങ്ങളിലേക്ക് വലിച്ചിഴക്കുന്നതുമായ അനുഷ്ഠാനങ്ങളോട് വിശ്വാസികൾ ജാഗ്രത പുലർത്തേണ്ടതും വിവേചന ബുദ്ധിയോടെ സമീപിക്കേണ്ടതുമാണ്. ■



നവംബർ 20ന് സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പൗരോഹിത്യ സ്വീകരണത്തിന്റെ 50 വർഷങ്ങൾ പൂർത്തിയാക്കുന്ന സീറോമലബാർസഭയിലെ വൈദികർ മേജർ ആർച്ച്ബിഷപ്പിനോടും ക്ലേർജി കമ്മീഷനിലെ അഭിവന്ദ്യ പിതാക്കന്മാരോടും കൂരിയാ അംഗങ്ങളോടുമൊപ്പം ജൂബിലി ആഘോഷിച്ചു.



പൗരോഹിത്യ സ്വീകരണത്തിന്റെ 25 വർഷങ്ങൾ പൂർത്തിയാക്കുന്ന സീറോമലബാർസഭയിലെ വൈദികർ നവംബർ 27ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ അഭിവന്ദ്യ പിതാക്കന്മാരോടും കൂരിയാ അംഗങ്ങളോടുമൊപ്പം ജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു.

# ഇസ്രായേൽ-പലസ്തീൻ യുദ്ധം

## പ്രത്യയശാസ്ത്രങ്ങളും ചരിത്രവും പുതിയ ലോകക്രമവും

09-ാം പേജിൽ നിന്നും തുടർച്ച

ഐക്യരാഷ്ട്രസഭയുടെ ഇടപെടൽ മുതൽ ആരംഭിക്കുന്ന പുതിയ ഇസ്രായേലിന്റെ ചരിത്രം ഈ പുതിയ ലോകക്രമത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ചർച്ച ചെയ്യപ്പെടേണ്ടത്. എന്നാൽ, ചില പ്രത്യയശാസ്ത്രങ്ങളുടെ കണ്ണുകളിലൂടെ ഈ വിഷയങ്ങൾ കാണുന്ന ഒരു കൂട്ടരുടെ ചരിത്ര പുസ്തകങ്ങളിൽ ചില അധ്യായങ്ങൾകൂടിയുണ്ട്, എന്നാൽ അത് പൂർണ്ണമല്ലതാനും! ഇസ്ലാമിക അധിനിവേശം ആരംഭിച്ച പതിനൊന്നാം നൂറ്റാണ്ട് മുതലുള്ള ചരിത്രം മാത്രമാണ് ഒരു വിഭാഗത്തിന് പരിഗണനീയം. അവിടെ ആ ദേശത്തിന്റെ അവകാശികൾ പലസ്തീനികളായ മുസ്ലീങ്ങൾ മാത്രമാണ്, യഹൂദർ നിഷ്കാസനം ചെയ്യപ്പെടേണ്ടവരാണ്. അതേസമയം, പലസ്തീനികൾ എന്നാൽ പൂർണമായും ഇസ്ലാംമാത്രമാണെന്നുള്ള ഒരു അബദ്ധധാരണയും പ്രകടമാണ്. ന്യൂനപക്ഷമെങ്കിലും അറബ് ക്രൈസ്തവരും മറ്റു ചില ജനവിഭാഗങ്ങളും അവിടെയുണ്ട്. യഹൂദപക്ഷത്ത് നിന്നുകൊണ്ടുള്ള ചിലരുടെ വിചിത്രമായ ആഖ്യാനങ്ങളിൽ പ്രധാന കുറ്റവാളികൾ ക്രൈസ്തവരാണ്. യഹൂദരുടെ വംശനാശം ക്രൈസ്തവ രാജാക്കന്മാരുടെയും രാഷ്ട്രത്തലവന്മാരുടെയും കത്തോലിക്കാസഭയുടെയും അജണ്ടയായിരുന്നു എന്ന വാദം ഇപ്പോഴത്തെ വിഷയങ്ങൾക്കകത്ത് തിരുകിക്കയറ്റിയ 'ചരിത്രകാരന്മാർ' പലരുണ്ട്. നാസി പട്ടാളത്തിന്റെയും, ഹിറ്റ്ലറുടെയും ക്രൂരതകളുടെ പോലും പിതൃത്വം കത്തോലിക്കാസഭയ്ക്കാണെന്ന് അത്തരക്കാർ സ്ഥാപിക്കാൻ ശ്രമിക്കുന്നു. യഥാർത്ഥത്തിൽ ക്രൈസ്തവരുടെ ശത്രുക്കൾ യഹൂദരാണെന്നും, യഹൂദർ ക്രൈസ്തവരെ ശത്രുക്കളായാണ് കാണുന്നതെന്നും സ്ഥാപിച്ച്, പലസ്തീനിന് പിന്തുണ നേടിയെടുക്കാനുള്ള ശ്രമങ്ങളും ചില രചനകളിൽ കാണാം.

ആധുനിക ലോകക്രമത്തിന്റെ വിശാലമായ വീക്ഷണങ്ങളെ ഉൾക്കൊള്ളാൻ കഴിയാതെ പോകുന്ന ഒരു വലിയ വിഭാഗമാണ് സങ്കീർണതകളും ആശയക്കുഴപ്പങ്ങളും ഇക്കാര്യങ്ങളിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ചരിത്രത്തിലെ കറുത്ത അധ്യായങ്ങൾ തീർച്ചയായും പാഠപുസ്തകങ്ങളാണ്. ഇരുണ്ട കാലഘട്ടങ്ങളില്ലാത്ത ഒരു ജനസമൂഹവും ഇന്നത്തെ ലോകത്ത് ജീവിച്ചിരിപ്പില്ല. ആ അനുഭവ ചരിത്ര ഗ്രന്ഥങ്ങളിൽനിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് മാത്രമേ ഈ ലോകത്തിന് വളരാനും ശുദ്ധീകരിക്കപ്പെടാനും കഴിയൂ. കഴിഞ്ഞുപോയ കാലത്തെ മുറിവുകളും, തകർച്ചകളും, വീഴ്ചകളും ഈ പുതിയ ലോകക്രമത്തിന്റെ ചട്ടക്കൂട്ടിലേയ്ക്ക് ഉൾക്കൊള്ളാൻ കഴിയാത്ത പക്ഷം ചരിത്രവായനയും മുൻധാരണാപരമായ ആഖ്യാനങ്ങളും വിദ്വേഷം പരത്തികൊണ്ടും അബദ്ധങ്ങൾ സൃഷ്ടിച്ചുകൊണ്ടുമിരിക്കും.





De Paul | DiSAT
INSTITUTE OF SCIENCE AND TECHNOLOGY | NILAMBUR
Run by Vincentian Fathers | Under De Paul Education Trust
Affiliated to University of Calicut and Recognized by Government of Kerala

COURSES OFFERED
BCA Bachelor of Computer Application
BSW Bachelor of Social Work
B.Com Bachelor of Commerce in Finance

Industrial Training
Placement Assistance
Add on Diploma Courses

DiSAT Nilambur, De Paul Nagar, Near Nilambur Railway Station,
Malappuram - 679 330, Kerala, India.
www.disat.in
depauldisat@gmail.com
+91 83040 33 246
+91 04931 221518

# മെൽബൺ രൂപതയിൽ ഫൊറോനകൾ രൂപീകൃതമായി

മെൽബൺ: സെന്റ് തോമസ് സീറോമലബാർ മെൽബൺ രൂപതയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായ രൂപതയിലെ വിവിധ ഇടവകകളെയും മിഷനുകളെയും ഉൾപ്പെടുത്തി നാലു ഫോറോനകൾക്ക് രൂപം നൽകി. മെൽബൺ കത്തീഡ്രൽ, അഡ്‌ലെയ്ഡ് സെൻട്രൽ, പരമറ്റ, ബ്രിസ്ബെൻ സൗത്ത് എന്നീ ഇടവകകളെയാണ് ഫോറോനകളാക്കുന്നതെന്ന് മെൽബൺ രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോൺ പനന്തോട്ടത്തിൽ പിതാവ് സർക്കുലറിലൂടെ അറിയിച്ചു. ഫാദർ വർഗ്ഗീസ് വാവോലിൽ (മെൽബൺ കത്തീഡ്രൽ), ഫാദർ സിബി പുളിക്കൽ (അഡ്‌ലെയ്ഡ് സെൻട്രൽ), ഫാദർ മാത്യൂ അരീപ്ലാക്കൽ (പരമറ്റ), ഫാദർ എബ്രഹാം നാടുകുന്നേൽ (ബ്രിസ്ബെൻ സൗത്ത്) എന്നിവരെ ഫോറോന വികാരിമാരായി നിയമിച്ചു.

ഫോറോനകളിലെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും ക്രമീകരിക്കുന്നതും അതതു ഫോറോനകളിലെ ഫോറോന വികാരിമാരായിരിക്കും. ഫോറോന വികാരിമാർക്ക് എല്ലാവിധ പിന്തുണകൾ നല്കണമെന്നും ക്രിസ്തുമസിന്റെയും പുതുവർഷത്തിന്റെയും ആശംസകളും പ്രാർത്ഥനകളും നേരുന്നുവെന്നും ബിഷപ്പ് ജോൺ പനന്തോട്ടത്തിൽ തന്റെ പ്രഥമ സർക്കുലറിലൂടെ അറിയിച്ചു. ■



രൂപത പദവിയിലുള്ള സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെ സമ്മേളനം നവംബർ 29ന് സഭാ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് സീറോമലബാർ സഭയിലെ സമർപ്പിത സമൂഹങ്ങൾക്കുവേണ്ടിയുള്ള കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

# ഫാ. ജിജിമോൻ പുതുവീട്ടിൽക്കളം എസ്സ്.ജെ വത്തിക്കാൻ സഭൈക്യ ദൈവശാസ്ത്ര കമ്മീഷൻ അംഗമായി നിയമിതനായി

കാക്കനാട്: കത്തോലിക്കാസഭയും ഓറിയന്റൽ ഓർത്തോഡോക്സ് സഭകളും അസ്സീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റും തമ്മിലുള്ള സഭൈക്യ സംവാദത്തിനുവേണ്ടിയുള്ള അന്തർദേശീയ ദൈവശാസ്ത്ര കമ്മീഷനിലെ അംഗമായി കേരളത്തിൽ നിന്നുള്ള ഈശോസഭാംഗമായ ഫാ. ജിജി പുതുവീട്ടിൽക്കളത്തലിനെ സഭൈക്യത്തിനുവേണ്ടിയുള്ള വത്തിക്കാൻ ഡിക്കാസ്റ്ററി നിയമിച്ചു. നിയമനം അഞ്ചുവർഷത്തേക്കാണ്. കത്തോലിക്കാസഭയുടെ കൂട്ടായ്മയ്ക്കുപുറത്തുള്ള സഭസമൂഹങ്ങളുമായി ഐക്യത്തിനുവേണ്ടിയുള്ള ദൈവശാസ്ത്ര സംവാദങ്ങൾ നടത്താനും മാർഗരേഖകൾ തയ്യാറാക്കാനുമുള്ള വത്തിക്കാനിലെ സഭൈക്യ ദൈവശാസ്ത്ര കമ്മീഷനാണിത്.



ക്രൈസ്തവ സഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള മാർപാപ്പയുടെ തിരുസംഘത്തിന്റെ വത്തിക്കാനിലുള്ള കാര്യാലയത്തിനു കീഴിലാണ് ഈ കമ്മീഷൻ പ്രവർത്തിക്കുന്നത്. ■

# കാരിത്താസ് ഇന്ത്യയുടെ മികച്ച സാമൂഹ്യ പ്രവർത്തകനുള്ള വ്യക്തിഗത അംഗീകാരം ഫാ. ജയൻ അലക്സിന്




കാരിത്താസ് ഇന്ത്യയുടെ മികച്ച സാമൂഹ്യപ്രവർത്തകനുള്ള വ്യക്തിഗത അംഗീകാരം മധ്യപ്രദേശിലെ ഖാണ്ഡവ രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ ഖാണ്ഡവ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ജയൻ അലക്സിന്. ഇന്ത്യയിലെ 174 കത്തോലിക്കാ രൂപതകളിലെ സാമൂഹ്യസേവന വിഭാഗം ഡയറക്ടേഴ്സിന്റെ സാമൂഹ്യ സേവന രംഗത്തെ സമഗ്ര പ്രവർത്തന മികവിനെ വിലയിരുത്തി ദേശീയ തലത്തിൽ കാരിത്താസ് ഇൻഡ്യ നൽകുന്ന വ്യക്തിഗത അംഗീകാരമാണ് ഈ പുരസ്ക്കാരം. 13 വർഷമായി ഫാ. ജയൻ അലക്സ് സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിച്ചുവരുന്നു. ഭാരതത്തിലെ കത്തോലിക്കാ രൂപതകളിലെ സാമൂഹ്യസേവന വിഭാഗ ഡയറക്ടർമാരുടെ ദേശീയ സമ്മേളനത്തിൽവച്ച് കാരിത്താസ് ഇൻഡ്യ ചെയർമാൻ ആർച്ചുബിഷപ്പ് സെബാസ്റ്റ്യൻ കല്ലുപുരയാണ് ആദരവു സമ്മാനിച്ചത്. കോട്ടയം അതിരൂപതയിലെ ഇരവിമംഗലം സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ ഇടംപാടത്ത് ചാണ്ടി-സാലി ദമ്പതികളുടെ മകനാണ് ഫാ. ജയൻ.

# കെസിബിസി വൊക്കേഷൻ പ്രൊമോട്ടേഴ്സ് സംഗമം നടത്തി



കൊച്ചി: കെസിബിസി വൊക്കേഷൻ കമ്മീഷന്റെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ രൂപതകളിലെയും സന്യാസസഭകളിലെയും വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ സംഗമം സഭാകാര്യാലയമായ പാലാരിവട്ടം പി.ഒ.സി. യിൽ വെച്ച് സംഘടിപ്പിച്ചു. സഭാനവീകരണ വർഷമായി കേരള സഭ ആചരിക്കുന്ന സാഹചര്യത്തിൽ ഈ ഒത്തുചേരൽ ഒരു നവ്യാനുഭവം ആയിരുന്നു. ദൈവവിളി പ്രോത്സാഹനത്തിൽ സഭകൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെയും പരിഹാരങ്ങളെയും കുറിച്ച് ചർച്ചചെയ്തു. കെസിബിസി വൊക്കേഷൻ കമ്മീഷൻ വൈസ് ചെയർമാൻ മാർ പീറ്റർ അബിർ ഉദ്ഘാടനം ചെയ്ത സംഗമത്തിൽ കെസിബിസി വൊക്കേഷൻ കമ്മീഷൻ ചെയർമാൻ മാർ തോമസ് തറയിൽ, മീഡിയ വില്ലേജ് ചങ്ങനാശ്ശേരിയിലെ അധ്യാപകനും മാധ്യമ രംഗത്തെ പ്രശസ്തനുമായ ഫാ. ജോർജ് കടൂപ്പാറയിൽ എം.സി.ബി.എസ്. എന്നിവർ ക്ലാസുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി. പി.ഒ.സി. ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് ജി. പാലക്കാപ്പള്ളി, കെസിബിസി വൊക്കേഷൻ കമ്മീഷൻ സെക്രട്ടറിയും ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന ഡയറക്ടറുമായ ഫാ. ഷിജു ഐക്കരക്കാനായിൽ, ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന വൈസ് ഡയറക്ടർ സി. ലിസ്നി എസ്.ഡി. എന്നിവർ സംഗമത്തിന് നേതൃത്വം നൽകി.



# കേരളത്തിന് സുരക്ഷയും തമിഴ്നാടിന് വെള്ളവും ഉറപ്പാക്കണം: ഇടുക്കി, കാഞ്ഞിരപ്പള്ളി രൂപതകൾ

ഇടുക്കി/കാഞ്ഞിരപ്പള്ളി: മുല്ലപ്പെരിയാർ വിഷയത്തിൽ ആശങ്ക അറിയിച്ച് ഇടുക്കി, കാഞ്ഞിരപ്പള്ളി രൂപതകൾ രംഗത്ത്. അമേരിക്കയിലെ ന്യൂയോർക്ക് ടൈംസ് പുറത്തുവിട്ട റിപ്പോർട്ടുകൾ പ്രകാരം ലോകത്ത് ഏറ്റവും അപകടകരമായ ഡാം മുല്ലപ്പെരിയാറാണ്. അന്താരാഷ്ട്ര ഏജൻസികൾ നടത്തിയ ശാസ്ത്രീയ പഠനത്തെ അധികരിച്ച് എഴുതപ്പെട്ട ഈ റിപ്പോർട്ട് വലിയ ആശങ്ക ഉളവാക്കുന്നതാണ്. ലിബിയയിൽ ഡാമുകൾ തകർന്ന് ഇരുപതിനായിരത്തിലധികം ആളുകൾ മരിക്കാൻ ഇടയായ പശ്ചാത്തലത്തിലാണ് ന്യൂയോർക്ക് ടൈംസ് ഇത്തരം ഒരു പഠനം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

മുല്ലപ്പെരിയാർ ഡാമിന്റെ അപകടാവസ്ഥയെക്കുറിച്ച് നാം മുൻപും പ്രകടിപ്പിച്ചിട്ടുള്ള ആശങ്ക ഈ റിപ്പോർട്ട് ഒരിക്കൽ കൂടി സ്ഥിരീകരിക്കുകയാണ്. മുല്ലപ്പെരിയാർ ഡാം അപകടത്തിലായാൽ 3,50,000 ആളുകളുടെ ജീവനും സ്വത്തിനും ഭീഷണിയാവുകയും കേരളത്തിലെ നാല് ജില്ലകളെ ബാധിക്കുകയും ചെയ്യുമെന്ന ഭീതിദമായ അവസ്ഥയാണ് ഈ ആശങ്കയ്ക്ക് കാരണം. ഒരു ഡാമിന്റെ പരമാവധി കാലാവധി 50-60 വർഷങ്ങളാണെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നിടത്ത് 128 വർഷങ്ങൾക്ക് ശേഷവും മുല്ലപ്പെരിയാർ ഡാം ഭാഗ്യപരീക്ഷണം നടത്തുന്നു. 1895ൽ നിർമാണം പൂർത്തിയാക്കിയ ഡാം പുനർനിർമിക്കണമെന്ന് 2021ൽ യുഎൻ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നതുമാണ്. എന്നാൽ, നാളിതുവരെ ജനത്തിന്റെ ഈ വലിയ ആശങ്കയ്ക്കുമേൽ ഉത്തരവാദിത്തപ്പെട്ടവരുടെ നിശബ്ദതയും നിസംഗതയും പ്രശ്നം ഗുരുതരമാക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.

ജനപ്രതിനിധികളും ഭരണകർത്താക്കളും ഈ കാര്യത്തെ ഗൗരവമായി കണ്ട് അടിയന്തര പ്രാധാന്യത്തോടെ കൈകാര്യം ചെയ്യണം. മുല്ലപ്പെരിയാർ ഭൂകമ്പ സാധ്യതയുള്ള പ്രദേശമാണെന്നും ഒരു ഭൂകമ്പത്തെ അതിജീവിക്കാൻ വേണ്ട ശേഷി ഈ ഡാമിന് ഇല്ലെന്നും വിദഗ്ധർ അഭിപ്രായപ്പെടുന്നു. അത്തരം ഒരു സാഹചര്യത്തിൽ മുല്ലപ്പെരിയാർ ഡാമിൽ ഉണ്ടാകാൻ സാധ്യതയുള്ള അപകടം കേരളത്തിന് താങ്ങാൻ കഴിയുന്നതിനപ്പുറമുള്ള ക്ഷതമാണ് ഉണ്ടാക്കാൻ സാധ്യതയുള്ളത്. തമിഴ്നാടിന് ആവശ്യമായ ജലം നൽകണം. അവരുടെ കൃഷികൾക്കും ഇതര ആവശ്യങ്ങൾക്കുമുള്ള ജലം നൽകണം. അതേസമയം കേരളത്തിലുള്ള ജനത്തിന്റെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തണം. അത്തരത്തിലുള്ള ഒരു കരാർ വ്യവസ്ഥയിലേക്ക് ഇരു സർക്കാരുകളും എത്തിച്ചേരണം. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളെ പരസ്പരം സഹായിക്കാനുള്ള ഒരു ചാലകശക്തിയായി പ്രവർത്തിക്കണം. വരും ദിവസങ്ങളിൽ ജനത്തിൻറെ ഈ ആശങ്ക ഉത്തരവാദിത്തപ്പെട്ട ജനപ്രതിനിധികളെയും സർക്കാരുകളെയും അറിയിക്കാൻ ശ്രമിക്കുമെന്നും നേതാക്കൾ അറിയിച്ചു.

മാർ ജോസ് പുളിക്കൽ, മാർ ജോൺ നെല്ലിക്കുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം എടുത്തത്. മോൺ. ജോസ് പ്ലാച്ചിക്കൽ, മോൺ. ജോസ് കരിവേലിക്കൽ, മോൺ. ജോസഫ് വെള്ളമറ്റം, മോൺ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, മോൺ. കുര്യൻ താമരശേരി, മോൺ. അബ്രഹാം പുറയാറ്റ്, ഫാ. ജിൻസ് കാരക്കാട്ട്, ഫാ. സ്റ്റാൻലി പുള്ളോലിക്കൽ എന്നിവർ പ്രസംഗിച്ചു.

## കെസിവൈഎം തൃശൂർ അതിരൂപത യുവജനദിനാഘോഷം

തൃശൂർ അതിരൂപത



തൃശൂർ: കെസിവൈഎം തൃശൂർ അതിരൂപത യുവജനദിനാഘോഷം നടന്നു. പൊതുസമ്മേളനം അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. കെസിവൈഎം തൃശൂർ അതിരൂപത പ്രസിഡന്റ് ജിഷാദ് ജോസ് അധ്യക്ഷത വഹിച്ചു. മന്ത്രി റോഷി അഗസ്റ്റിൻ മുഖ്യാതിഥിയായിരുന്നു.

അതിരൂപത ഡയറക്ടർ ഫാ. ജിയോ ചെരടായി, കെസിവൈഎം സംസ്ഥാന വൈസ് പ്രസിഡന്റ് ഗ്രാലിയ അന്ന അലക്സ്, ജനറൽ സെക്രട്ടറി മെജോ മോസസ്, അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന, ആനിമേറ്റർ സിസ്റ്റർ ഫ്രാൻസി മരിയ, ജനറൽ കൺവീനർ ഷാരോൺ സൈമൺ എന്നിവർ പ്രസംഗിച്ചു.

## ഭൂമിയാകുന്ന പൊതുഭവനത്തിന്റെ സംരക്ഷകരാകാം: മാർ പീറ്റർ കൊച്ചുപുരയ്ക്കൽ

പാലക്കാട് രൂപത

പാലക്കാട്: പരിസ്ഥിതി ആധ്യാത്മികതയും ധാർമികതയും ഉയർത്തിപ്പിടിച്ച് ഭൂമിയാകുന്ന പൊതുഭവനത്തിന് പരിരക്ഷയേകാൻ എല്ലാ പരിശ്രമങ്ങളേയും എല്ലാവരും നെഞ്ചേറ്റണമെന്ന് പാലക്കാട് രൂപതാധ്യക്ഷൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ. ഫ്രാൻസിസ് മാർപ്പാപ്പയുടെ 'ലൗദാത്തോ സി' എന്ന ചാക്രിക ലേഖനത്തെ ആധാരമാക്കി പീപ്പിൾസ് സർവീസ് സൊസൈറ്റി പാലക്കാട് രൂപതയിലെ 127 ദേവാലയങ്ങളേയും 23 സ്ഥാപനങ്ങളേയും കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന ഗ്രീൻ കാമ്പസ് കാമ്പയിൻ ആൻഡ് ഡവലപ്മെന്റ് ഓഫ് മൈക്രോ ക്ലൈമറ്റ് ലൊക്കേഷൻസ് (ജിസിഡിഎം) പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. വികാരി ജനറാൾ മോൺ. ജീജോ ചാലയ്ക്കൽ അധ്യക്ഷത വഹിച്ചു. ഹരിത കാമ്പസ് രൂപീകരണവും സൂക്ഷ്മ കാലാവസ്ഥാ കേന്ദ്ര നിർമിതിയുമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.



പിഎസ്എസ്പി എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജസ്റ്റിൻ കോലംകണ്ണി സ്വാഗതം പറഞ്ഞു. പദ്ധതി രൂപകൽപ്പന ചെയ്ത കെ. ഡി. ജോസഫ് പദ്ധതി വിശദീകരിച്ചു. വൈദികർ, സന്യസ്തർ, ഗവേണിംഗ് ബോഡി അംഗങ്ങൾ, ജനറൽ ബോഡി അംഗങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള അധ്യാപകർ, വിദ്യാർഥികൾ, പിഎസ്എസ്പി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ക്രിസ് കോയിക്കാട്ടിൽ, സ്റ്റാഫ് അംഗങ്ങൾ തുടങ്ങി നാനൂറോളം പേർ സമ്മേളനത്തിൽ പങ്കെടുത്തു. പിഎസ്എസ്പി പ്രോജക്ട് ഓഫീസർ പി. ബോബി നന്ദി പറഞ്ഞു.



# അല്മായ പങ്കാളിത്തത്തിന് ഊന്നൽ: സിനഡിന്റെ സമാപനരേഖ സമർപ്പിച്ചു



വത്തിക്കാൻ: അല്മായർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക്, സഭാസംവിധാനങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്താനുള്ള നിർദേശങ്ങൾ നൽകി സിനഡിന്റെ ഒന്നാംഘട്ടം പൂർത്തിയായി. 42 പേജുകളുള്ള സമാപനരേഖയിലെ പ്രധാന നിർദേശങ്ങൾ ഇവയാണ്: സ്വവർഗാനുരാഗികളെ ആശീർവദിക്കാൻ നിർവാഹമില്ല; വൈദിക ബ്രഹ്മചര്യം നിർത്തലാക്കുന്നതിനെക്കുറിച്ച് ദീർഘമായ പഠനം ആവശ്യമാണ്; മെത്രാന്റെ അധികാരം അല്മായരോടൊപ്പമുള്ള കൂട്ടുത്തരവാദിത്വമായി പരിഗണിക്കപ്പെടണം; സ്ത്രീകൾക്ക് സഭയിൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകണം, എന്നാൽ അവ കൃത്യമായി നിർവചിക്കപ്പെടണം.

ഈ റിപ്പോർട്ട് രൂപതകളിലെ ചർച്ചയ്ക്കായി എല്ലാ രൂപതകളിലേക്കും അയയ്ക്കും. വരുന്ന ജൂണിനു മുമ്പായി ചർച്ചാഫലങ്ങൾ റോമിൽ അറിയിക്കണം. 2024 ഒക്ടോബറിൽ നടക്കുന്ന സിനഡിന്റെ അവസാന സമ്മേളനത്തിലാണ് അന്തിമ നിർദേശങ്ങൾ രൂപപ്പെടുക. അവ അടിസ്ഥാനമാക്കിയുള്ള തീരുമാനങ്ങൾ 2025 ആരംഭത്തിൽ മാർപാപ്പ പ്രഖ്യാപിക്കുമെന്നു കരുതപ്പെടുന്നു.

സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന ഭക്തിനിർഭരമായ വിശുദ്ധ കുർബാന അർപ്പണത്തോടെയാണ് ആഗോള കത്തോലിക്കാസഭയിലെ മെത്രാന്മാരുടെ പതിനാറാമത് സിനഡിന്റെ ആദ്യ ഘട്ടത്തിന് തിരശീല വീണത്. ലോകത്തിന്റെ നൊമ്പരങ്ങൾക്ക് ചെവിയോർക്കാത്ത ആത്മീയത ഫരിസേയ മനോഭാവമാണെന്നു വിശുദ്ധ കുർബാന മധ്യേ നൽകിയ സുവിശേഷ സന്ദേശത്തിൽ മാർപാപ്പ പറഞ്ഞു. സിനഡ് സമ്മേളനം നമ്മെ ഓർമിപ്പിക്കുന്നത് എല്ലാവരെയും സ്വീകരിക്കുന്ന, ആരെയും ഒഴിവാക്കാത്ത ഒരു സഭയായി മാറാനാണ് എന്നു പറഞ്ഞുകൊണ്ടാണ് ഫ്രാൻസിസ് മാർപാപ്പ സന്ദേശം അവസാനിപ്പിച്ചത്.

വത്തിക്കാൻ വെബ്സൈറ്റിലൂടെ പുറത്തിറക്കിയ സിനഡ് പ്രമാണരേഖയിലെ എല്ലാ ഖണ്ഡികകളും മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ സിനഡിൽ പാസായിരുന്നു എന്നു സിനഡ് സെക്രട്ടറി ജനറൽ കർദിനാൾ മാരിയോ ഗ്രെക്ക് അറിയിച്ചു.

## മലബാറിനെ ചെമ്മഞ്ഞയണിയിച്ച് ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന വാർഷികം



തലശ്ശേരി: ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ നിരവധി മാതൃകകളുണ്ടെന്നും ചെറുപുഷ്പ മിഷൻലീഗിലൂടെ പ്രേഷിതപ്രവർത്തനം നടത്തുന്ന അല്മായർ മിഷനറിയായി മാറുകയാണെന്നും തലശ്ശേരി ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി. 'വിളയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്' എന്ന മുദ്രാവാക്യമുയർത്തി ചെമ്പേരി വിമൽ ജ്യോതി എൻജിനിയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനതല വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്.

സി.എം.എൽ ചെമ്പേരി ശാഖയുടെ രംഗപൂജയോടെ ആരംഭിച്ച സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ബേബി പ്ലാശേരി അധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപത ഡയറക്ടർ ഫാ. ജോസഫ് വടക്കേപറമ്പിൽ സ്വാഗത പ്രഭാഷണവും സംസ്ഥാന ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ ആമുഖ പ്രഭാഷണവും നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ജിന്റോ തകിടിയേൽ റിപ്പോർട്ട് അവതരിപ്പിച്ചു.

അന്തർദേശീയ പ്രസിഡന്റ് ഡേവിസ് വല്ലൂരാൻ, ദേശീയ പ്രസിഡന്റ് സുജി പുല്ലുക്കാട്ട്, തലശ്ശേരി അതിരൂപത പ്രസിഡന്റ് ഷിജോ സ്രായിൽ, മലബാർ റീജണൽ ഓർഗനൈസർ രഞ്ജിത്ത് മുതുപ്ലാക്കൽ, സംസ്ഥാന ജനറൽ ഓർഗനൈസർ തോമസ് അടുപ്പുകല്ലുങ്കൽ എന്നിവർ പ്രസംഗിച്ചു. ബിനോയ് പള്ളിപറമ്പിൽ, വൈസ് പ്രസിഡന്റ് ഏലിക്കുട്ടി എടാട്ട്, ബെന്നി മുത്തനാട്ട്, ആര്യ റെജി എന്നിവരും സന്നിഹിതരായിരുന്നു. ■

